# എറണാകുളം മിസ്സം

# ERNAKULAM MISSAM

English & Malayalam Monthly

Vol. No. 66 Issue No. 9 September 2023 Rs. 15/-








ഗോരഖ്പൂർ രൂപതയുടെ നിയുക്തമെത്രാൻ

**മാത്യു നെല്ലിക്കുന്നേൽ സി.എസ്.റ്റി. - ക്ക്**

എറണാകുളം-അങ്കമാലി അതിരൂപതയുടെ

**ആശംസകൾ!!!**

# എറണാകുളം മിസ്സം

**ERNAKULAM MISSAM**

English & Malayalam Monthly

Vol. No. 66 Issue No. 9 September 2023 Rs. 15/-


## വിഷയസൂചിക


4. പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

5. സിനഡനന്തര സർക്കുലർ

24. പേര് മാറ്റം - സർക്കാർ ഉത്തരവ്

26. എട്ടുനോമ്പ്

31. നിര്യാതരായി

39. വാർത്തകളും വിശേഷങ്ങളും

40. AICO

41. വിശ്വാസപരിശീലന കേന്ദ്രം

47. ഫാമിലി അപ്പോസ്റ്റലേറ്റ്

49. സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്)

53. കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി

54. അതിരൂപത കെ.സി.എസ്.എൽ.

55. നൈപുണ്യ ഇന്റർനാഷണൽ

57. അതിരൂപതാ ഡയറി



**Editor: Fr. Biju Varghese**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Printed and Published by**
Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524 , Lisie Hospital Road, Ernakulam Dist., Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Moothedan Gheevarghese, Meloor | | | 2-9-1903 |
| Fr. Pudissery Louis, Vaikom | 1890 | 1919 | 2-9-1975 |
| Fr. Thekkeperayil Joseph, Vaikom | 1926 | 1955 | 2-9-2008 |
| Fr. Vadakumchery Joseph, Rajagiri | 1929 | 1952 | 2-9-2014 |
| Fr. Payyappilly Antony, Aluva | 1930 | 1955 | 3-9-2005 |
| Fr. Kudiyiruppil Jacob, Mattoor | 1893 | 1922 | 4-9-1978 |
| Fr. Pallippadan Joseph, Manjapra | 1933 | 1961 | 4-9-2003 |
| Fr. Payyappilly Ouseph, Akaparambu | 1880 | 1905 | 5-9-1961 |
| Fr. Mekkunnel Paulose, Nakapuzha | 1883 | 1911 | 6-9-1956 |
| Fr. Annassery Joseph, Vaikom | 1901 | 1930 | 6-9-1958 |
| Fr. Manjaly Kuriakose, Kanjoor | 1924 | 1953 | 6-9-2004 |
| Fr. Thachil Paul, Kuthiathodu | 1897 | 1922 | 7-9-1971 |
| Fr. Airookkaran Paul, Sehiyonpuram | 1932 | 1959 | 7-9-1994 |
| Fr. Parakkal Devassy, Kizhakkambalam | 1887 | 1915 | 8-9-1965 |
| Fr. Thattil Varghese, Chowara | 1941 | 1967 | 8-9-2006 |
| Fr. Thachil Joseph, N. Kuthiathode (New) | 1938 | 1964 | 8-9-2016 |
| Archbishop Joseph Chennoth, Kokkamangalam | 1943 | 1969 | 8-9-2020 |
| Fr. Valliarumpeth (Panakal) Joseph, Vallakom | 1864 | 1895 | 9-9-1930 |
| Fr. Vettikkappilly Jacob, Vaikom | 1856 | 1897 | 9-9-1930 |
| Fr. Thaliath Joseph, Puthenpally | 1882 | 1908 | 10-9-1952 |
| Fr. Moonjely Thomas, Puthenpally | 1888 | 1913 | 10-9-1970 |
| Fr. Thaliath Varkey TOCD, Puthenpally | 1837 | 1865 | 11-9-1926 |
| Fr. Paremakkal Joseph, Vadayar | 1892 | 1919 | 11-9-1955 |
| Fr. Vattoly Thomas, Kadukutty | 1893 | 1925 | 13-9-1954 |
| Fr. Puthiyaveliyil Thomas, Chalil | 1933 | 1962 | 13-9-2011 |
| Fr. Nangelimalil Joseph, Pulluvazhy | 1941 | 1969 | 14-9-2022 |
| Fr. Kandathil Thomas, Chempu | 1903 | 1933 | 16-9-1984 |
| Fr. Palathunkal Paulose, Thripunithura | 1874 | 1902 | 19-9-1947 |
| Fr. Chirackal Manavalan Varghese, Kuthiathode (Old) | 1907 | 1932 | 21-9-1975 |
| Fr. Valavi Joseph, Ernakulam | 1950 | 1977 | 22-9-2021 |
| Fr. Kudiyiruppil Gervasis, Mattoor | 1859 | 1894 | 23-9-1942 |
| Fr. Kandathil Anthapai, Chembu | 1900 | 1930 | 24-9-1972 |
| Fr. Manjooran Raphael TOCD, Chakkarakadavu | 1852 | 1879 | 25-9-1918 |
| Fr. Thottunkal Mathew, Pazhanganad | 1911 | 1949 | 25-9-1974 |
| Fr. Thottappilly Mathew, Vadayar | 1945 | 1975 | 25-9-1993 |
| Fr. Vadakumchery Kuriakose, Manjapra | 1902 | 1930 | 26-9-1973 |
| Fr. Puthenangady Paul, Chowara | 1950 | 1974 | 29-9-2013 |
| Fr. Paravara Peter, Thripunithura | 1906 | 1935 | 30-9-1974 |

Prot. No. 0894/2023

# സിനഡനന്തര സർക്കുലർ - ഓഗസ്റ്റ് 2023

സീറോമലബാർസഭയുടെ
മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി
തന്റെ സഹശുശ്രൂഷകരായ
മെത്രാപ്പോലീത്തമാർക്കും മെത്രാന്മാർക്കും വൈദികർക്കും
സമർപ്പിതർക്കും അല്മായസഹോദരങ്ങൾക്കും
എഴുതുന്ന സർക്കുലർ.

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർസഭയുടെ മുപ്പത്തിയൊന്നാമതു സിനഡിന്റെ മൂന്നാമതു സമ്മേളനം 2023 ഓഗസ്റ്റ് 21 മുതൽ 26 വരെ സഭാകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്നു. നമ്മുടെ സഭയെയും സമൂഹത്തെയും ബാധിക്കുന്ന സമകാലികവിഷയങ്ങളെക്കുറിച്ചു പഠിക്കാനും പ്രതിസന്ധികൾക്കുള്ള പരിഹാരം പ്രാർഥനാപൂർവം അന്വേഷിക്കാനുമാണു സിനഡുപിതാക്കന്മാർ ശ്രമിച്ചത്. സിനഡിന്റെ വിജയത്തിനായി നിങ്ങളെല്ലാവരും ആത്മാർഥമായി പ്രാർഥിച്ചതിനു ഹൃദയപൂർവം നന്ദി പറയുന്നു.

**പൊന്തിഫിക്കൽ ഡെലഗേറ്റിന്റെ ദൗത്യനിർവഹണം**

പതിറ്റാണ്ടുകളായി നമ്മുടെ സഭയിൽ ഏകീകൃത രീതിയിലുള്ള വിശുദ്ധ കുർബാനയർപ്പണത്തിനായി നാം പരിശ്രമിക്കുകയായിരുന്നല്ലോ. സീറോമലബാർസഭയിൽ എറണാകുളം-അങ്കമാലി അതിരൂപതയിലൊഴികെ മറ്റെല്ലാ രൂപതകളിലും ഏകീകൃത രീതിയിലുള്ള വിശുദ്ധ കുർബാനയർപ്പണം നടപ്പിലായി. ഈ വിഷയത്തിൽ അതിരൂപതയിൽ രൂപപ്പെട്ട പ്രതിസന്ധികൾ പരിഹരിക്കാൻ വിവിധ തലങ്ങളിൽ പരിശ്രമിച്ചെങ്കിലും വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞില്ല. ഏകീകൃത വിശുദ്ധ കുർബാനയർപ്പണവുമായി ബന്ധപ്പെട്ട പ്രശ്നപരിഹാരത്തിനുള്ള അവസാന മാർഗം എന്ന നിലയിലാണു പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ ആർച്ചുബിഷപ്പ് സിറിൽ വാസിലിനെ പൊന്തിഫിക്കൽ ഡെലഗേറ്റായി നിയമിച്ചത്. ഓഗസ്റ്റ് 4-ന് കേരളത്തിലെത്തിയ ആർച്ചുബിഷപ്പ് സിറിൽ വാസിൽ എറണാകുളം-അങ്കമാലി അതിരൂ

പതയുമായി ബന്ധപ്പെട്ട വിവിധ വിഭാഗം ജനങ്ങളുമായി തന്റെ ദൗത്യത്തിന്റെ ഭാഗമായി ചർച്ചകൾ നടത്തി. എന്നാൽ, പൊന്തിഫിക്കൽ ഡെലഗേറ്റിനെതിരെ എറണാകുളം കത്തീഡ്രൽ ബസിലിക്കയിലുണ്ടായ പ്രതിഷേധം സഭയ്ക്ക് അഗാധമായ ദുഃഖമുണ്ടാക്കി. അദ്ദേഹത്തിനെതിരെ പ്രകോപനപരമായ മുദ്രാവാക്യങ്ങൾ വിളിക്കുകയും സംഘർഷ സാഹചര്യം സൃഷ്ടിക്കുകയും ചെയ്തതു പൊതുസമൂഹത്തിലും സാർവത്രിക സഭയിലും നമ്മുടെ സഭയ്ക്ക് അപമാനമുണ്ടാക്കി. ഓഗസ്റ്റ് 21, 22 തിയതികളിലായി രണ്ടു തവണ പൊന്തിഫിക്കൽ ഡെലഗേറ്റ് സീറോമലബാർ സിനഡിനെ അഭിസംബോധന ചെയ്തു സംസാരിച്ചു. അച്ചടക്കവും കൂട്ടായ്മയുമില്ലാതെ സഭയ്ക്കു മുന്നോട്ടു പോകാനാവില്ലെന്നും അതിനായുള്ള കർശന നടപടികൾ ആരംഭിച്ചുവെന്നും അദ്ദേഹം അറിയിച്ചു. എറണാകുളം-അങ്കമാലി അതിരൂപതയുമായി ബന്ധപ്പെട്ട എല്ലാ തീരുമാനങ്ങളും പൊന്തിഫിക്കൽ ഡെലഗേറ്റുവഴി പരിശുദ്ധ പിതാവിന്റെ തീരുമാനത്തിനു വിധേയമായിരിക്കും.

തന്റെ ദൗത്യത്തിന്റെ ആദ്യഘട്ടം പൂർത്തിയാക്കി ഓഗസ്റ്റ് 23-ാം തിയതി റോമിലെത്തിയ ആർച്ചുബിഷപ്പ് സിറിൽ വാസിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുമായി കൂടിക്കാഴ്ച്ച നടത്തി. ഓഗസ്റ്റ് 4 മുതൽ 22 വരെയുള്ള ദിവസങ്ങളിൽ എറണാകുളം-അങ്കമാലി അതിരൂപതയിൽ താൻ നടത്തിയ സന്ദർശനത്തെക്കുറിച്ചും അതിരൂപതയിലെ ഇപ്പോഴത്തെ സ്ഥിതിഗതികളെക്കുറിച്ചും പരിശുദ്ധ പിതാവിനെ അദ്ദേഹം അറിയിച്ചു. മാർപാപ്പയുടെയും പൗരസ്ത്യ തിരുസംഘത്തിന്റെയും നിർദേശങ്ങളുടെ വെളിച്ചത്തിൽ ഇപ്പോൾ എടുത്തിരിക്കുന്ന തീരുമാനങ്ങളിൽ ഉറച്ചുനിൽക്കാൻ മാർപാപ്പ ആവശ്യപ്പെട്ടതായി അദ്ദേഹം അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററെ അറിയിച്ചു. പൗരസ്ത്യ സഭകളുടെ കാര്യാലയത്തിന്റെ പ്രീഫെക്ട് കർദിനാൾ ക്ലൗദിയോ ഗുജറോത്തിക്കും അതിരൂപതയുടെ പ്രതിസന്ധികളെക്കുറിച്ചു വിശദമായ റിപ്പോർട്ട് ആർച്ചുബിഷപ്പ് വാസിൽ നൽകിയിട്ടുണ്ട്. ഏകീകൃത വി. കുർബാനയർപ്പണരീതിയെക്കുറിച്ചുള്ള സീറോമലബാർ സിനഡിന്റെയും മാർപാപ്പയുടെയും തീരുമാനം പൂർത്തിയാക്കുന്നതിനു വേണ്ടിയുള്ള തന്റെ ദൗത്യം തുടരുമെന്നും പൊന്തിഫിക്കൽ ഡെലഗേറ്റ് അറിയിച്ചിട്ടുണ്ട്.

പൊന്തിഫിക്കൽ ഡെലഗേറ്റിന്റെ ദൗത്യം സുഗമമാക്കുന്നതിന്റെ ഭാഗമായി എറണാകുളം-അങ്കമാലി അതിരൂപതാംഗങ്ങളുമായി ചർച്ച തുടരുവാൻ സിനഡു തീരുമാനിച്ചു. സംഭാഷണം സുഗമമാക്കാൻ ഒമ്പതു

മെത്രാന്മാരടങ്ങിയ ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്. ഈ സമിതി ചർച്ചകൾക്കു തുടക്കം കുറിച്ചിട്ടുണ്ട്. ചർച്ചയിൽ ഉരുത്തിരിയുന്ന പരിഹാരമാർഗങ്ങൾ പൊന്തിഫിക്കൽ ഡെലഗേറ്റു വഴി പരിശുദ്ധ പിതാവിനു സമർപ്പിക്കുകയും ശ്ലൈഹിക സിംഹാസനം നൽകുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി നടപ്പിലാക്കുകയും ചെയ്യുന്നതാണ്. വ്യക്തിപരമോ പ്രാദേശികമോ ആയ അഭിപ്രായവ്യത്യാസങ്ങൾ മറന്നു നമുക്ക് ഒരു മനസോടെ മുന്നോട്ടു നീങ്ങാം. എല്ലാറ്റിനെയും ഒന്നിപ്പിക്കുന്ന നമ്മുടെ കർത്താവായ ഈശോമിശിഹായുടെ ബലിവേദി നമ്മുടെ കൂട്ടായ്മയുടെ ഉറവിടമാകട്ടെ എന്നു പ്രാർഥിക്കുന്നു. പ്രശ്നപരിഹാരത്തിനു വിഘാതമാകുന്ന പ്രസ്താവനകളിൽനിന്നും പ്രവർത്തനങ്ങളിൽനിന്നും എല്ലാവരും വിട്ടുനിൽക്കണമെന്നു സ്നേഹപൂർവം ഓർമിപ്പിക്കുന്നു. എറണാകുളം-അങ്കമാലി അതിരൂപതയിൽ നിലനിൽക്കുന്ന പ്രതിസന്ധികളുടെ പരിഹാരം ഈ വർഷത്തെ എട്ടു നോമ്പാചരണത്തിലെ പ്രത്യേക നിയോഗമായി നമുക്കു സമർപ്പിക്കാം.

**മണിപ്പൂർ കലാപം**

മതേതരഭാരതത്തിന്റെ ഹൃദയത്തിലേറ്റ ആഴമേറിയ മുറിവാണു മണിപ്പൂർ കലാപം. സാമൂഹികസംവരണത്തെക്കുറിച്ചുള്ള കോടതി വിധിയോടുള്ള പ്രതിഷേധമായി പൊട്ടിപ്പുറപ്പെട്ട ഗോത്ര കലാപമായാണു മണിപ്പൂരിലെ സംഘർഷങ്ങൾ ആരംഭിച്ചത്. ഈ സംഘർഷത്തിന്റെ മറവിൽ ഇരുഗോത്രങ്ങളിലെയും ആളുകൾ പീഡനങ്ങൾക്ക് വിധേയരായിട്ടുണ്ട്. ഇവരിൽ നല്ലൊരു പങ്കും ക്രൈസ്തവരാണ്. കലാപത്തിൽ 170-ൽ പരം ആളുകൾക്കു ജീവഹാനി സംഭവിക്കുകയും ആയിരക്കണക്കിനു ഭവനങ്ങളും ആരാധനാലയങ്ങളും തകർക്കപ്പെടുകയും ചെയ്തു. പതിനായിരങ്ങൾ പ്രാണരക്ഷാർഥം പലായനം ചെയ്യേണ്ടിവന്നു. അത്യാധുനിക ആയുധങ്ങളുമായി കലാപകാരികൾ കഴിഞ്ഞ മൂന്നരമാസമായി അഴിഞ്ഞാടുന്ന സാഹചര്യത്തിൽ ക്രമസമാധാനം തിരിച്ചുകൊണ്ടുവരാൻ സർക്കാർ ആത്മാർത്ഥമായി പരിശ്രമിക്കണം. പൗരന്മാരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ടതു കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഭരണഘടനാപരമായ ഉത്തരവാദിത്വമാണ്. ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രൈസ്തവർക്കെതിരേ പീഡനങ്ങൾ വർധിച്ചുവരുന്നതു തികച്ചും ആശങ്കാജനകമാണ്.

മണിപ്പൂർ കലാപത്തിനെതിരായ വികാരം രാജ്യമൊന്നാകെ ജാതിമതഭേദമന്യേ ഉയർന്നു എന്നതു മതേതരഭാരതത്തിൽ പ്രത്യാശ പകരു

ന്ന വസ്തുതയാണ്. മണിപ്പൂരിലെ നമ്മുടെ സഹോദരങ്ങളുടെ സങ്കടത്തിൽ അവരോടൊപ്പം നിൽക്കാനുള്ള ഉത്തരവാദിത്തം നമുക്കുണ്ട്. മണിപ്പൂരിൽ സമാധാനവും ശാന്തിയും സുഗമമാക്കാൻ നമുക്ക് ആത്മാർഥമായി പ്രാർഥിക്കാം. മണിപ്പൂരിനെ പുനർനിർമിക്കാനുള്ള പരിശ്രമങ്ങളിൽ ഭാരതകത്തോലിക്കാസഭയുടെ സാമൂഹിക സേവനവിഭാഗമായ കാരിത്താസ് ഇന്ത്യ ക്രിയാത്മകമായി ഇടപെടുന്നുണ്ട്. കാരിത്താസ് ഇന്ത്യയുടെ പ്രവർത്തനങ്ങൾക്കു നമ്മുടെ സഭ എല്ലാവിധത്തിലുമുള്ള പിന്തുണയും നൽകുന്നുണ്ട്. മണിപ്പൂരിൽ ഭവനരഹിതരും അനാഥരുമായിത്തീർന്ന വിദ്യാർഥികൾക്കു സൗജന്യ വിദ്യാഭ്യാസം നൽകാനുള്ള പരിശ്രമങ്ങൾ നമ്മുടെ വിവിധ രൂപതകളുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുണ്ട് എന്നതും സ്വാഗതാർഹമാണ്. മണിപ്പൂരിനെ പുനർനിർമിക്കാനുള്ള പദ്ധതിയിൽ നാമെല്ലാവരും ആത്മാർഥമായി സഹകാരികളാകണം.

## മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലി

സീറോമലബാർസഭയുടെ അഞ്ചാമതു മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലി 2024 ഓഗസ്റ്റ് 23 മുതൽ 25 വരെയുള്ള തിയതികളിൽ പാലാ രൂപതയുടെ അജപാലനകേന്ദ്രമായ അൽഫോൻസിയൻ പാസ്റ്ററൽ സെന്ററിൽ നടത്തപ്പെടുന്നതാണ്. "കാലാനുസൃതമായ സഭാജീവിതവും ദൗത്യവും സീറോമലബാർസഭയിൽ" എന്നതാണ് മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയുടെ പ്രമേയം. ഇടവക, രൂപതാതലങ്ങളിലും സന്യാസ സമൂഹങ്ങളിലും ഈ വിഷയത്തെക്കുറിച്ചുള്ള മാർഗരേഖയുടെ അടിസ്ഥാനത്തിൽ സഭാംഗങ്ങളെല്ലാവരും ക്രിയാത്മകമായ ചർച്ചകൾ നടത്തണം. നിങ്ങളുടെ ചർച്ചകളിൽ ഉരുത്തിരിയുന്ന ആശയങ്ങളെ ക്രോഡീകരിച്ചുകൊണ്ട് അസംബ്ലിക്കുള്ള പ്രവർത്തനരേഖ തയ്യാറാക്കുന്നതാണ്. സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയുടെ വിജയകരമായ നടത്തിപ്പിനു നിങ്ങളുടെ സഹകരണവും പ്രാർഥനയും ആവശ്യമാണ്.

## വെബ്സൈറ്റിന്റെ ഉദ്ഘാടനം

നമ്മുടെ സഭയുടെ പ്രവർത്തനങ്ങൾ പൊതുസമൂഹത്തിൽ കൂടുതൽ ദൃശ്യമാക്കുന്നതിന്റെ ഭാഗമായി സീറോമലബാർസഭയുടെ നവീകരിച്ച വെബ്സൈറ്റ് (www.syromalabarchurch.in) ഈ സിനഡിൽ ഉദ്ഘാടനം ചെയ്യപ്പെട്ടു. സീറോമലബാർസഭയെക്കുറിച്ചും സഭയുടെ പ്രവർ

ത്തനങ്ങളെക്കുറിച്ചും ഇവിടെ ലഭ്യമാകുന്ന വിവരങ്ങൾ നിങ്ങൾ പ്രയോജനപ്പെടുത്തുമല്ലോ.

**ഗോരഖ്പൂർ രൂപതയ്ക്ക് പുതിയ ഇടയൻ**

ഗോരഖ്പൂർ രൂപതയുടെ പുതിയ ഇടയനായി ചെറുപുഷ്പ സന്യാസ സമൂഹാംഗമായ ഫാ. മാത്യു നെല്ലിക്കുന്നേൽ CST നിയമിക്കപ്പെട്ടു. നിയുക്ത മെത്രാനും ഗോരഖ്പൂർ രൂപതയ്ക്കും എല്ലാ ഭാവുകങ്ങളും അഭിനന്ദനങ്ങളും പ്രാർഥനാപൂർവം നേരുന്നു. കഴിഞ്ഞ പതിനേഴു വർഷമായി ഗോരഖ്പൂർ രൂപതയെ വളർച്ചയുടെ പാതയിൽ കൃപയോടെ നയിച്ച അഭിവന്ദ്യ മാർ തോമസ് തുരുത്തിമറ്റം CST പിതാവിനോടു സീറോമലബാർസഭ ഏറെ കടപ്പെട്ടിരിക്കുന്നു. സഭയ്ക്കും സമൂഹത്തിനും പ്രത്യേകിച്ചു ഗോരഖ്പൂർ രൂപതയ്ക്കും പിതാവിന്റെ ശ്ലൈഹിക ശുശ്രൂഷ അനുഗ്രഹമായിരുന്നു.

നല്ല ദൈവത്തിന്റെ കരുതലാർന്ന പരിപാലനയ്ക്കു നമുക്കു നന്ദിപറയാം. ദൈവത്തിന്റെ അനുഗൃഹീതമാതാവും നമ്മുടെ അമ്മയുമായ പരിശുദ്ധ കന്യകാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെയും മാധ്യസ്ഥ്യം നമുക്കു സഹായമാകട്ടെ. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്നു 2023-ാം ആണ്ട് ഓഗസ്റ്റ് മാസം 26-ാം തിയതി നൽകപ്പെട്ടത്.

കർദിനാൾ ജോർജ് ആലഞ്ചേരി
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്

ഈ സർക്കുലർ 2023 ഓഗസ്റ്റ് 27 ഞായറാഴ്ചയോ സെപ്റ്റംബർ 3 ഞായറാഴ്ചയോ സീറോമലബാർസഭയിലെ എല്ലാ ഇടവകദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിത ഭവനങ്ങളിലും പരിശീലന കേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

APOSTOLIC NUNCIATURE
IN INDIA


Prot. N. 5572/23/IN

## NOTE

The Apostolic Nunciature in India communicates that the Holy Father, Pope Francis, has named His Excellency Cyril Vasil', S.J., Archbishop-Bishop of the Eparchy of Košice of the Byzantines (Slovakia), as his Pontifical Delegate for the Archeparchy of Ernakulam-Angamaly. In order to carry out his mission, His Excellency will travel to India on 4 August 2023.

New Delhi, 31 July 2023

APOSTOLIC NUNCIATURE
NEW DELHI



THE SYRO-MALABAR MAJOR ARCHIEPISCOPAL CURIA
Mount St. Thomas, P.B. No. 3110, P.O. Kakkanad, Kochi - 682 030, Kerala, India
Tel: (0484) 2424780, 2424768, 2426235, 2428271 (Dir); Fax: (0484) 2422727
Email: majorarchbishop@gmail.com, chancellor.mount@gmail.com

Prot. No. 0807/2023 July 31, 2023

## ആർച്ചുബിഷപ്പ് സിറിൽ വാസിൽ എറണാകുളം-അങ്കമാലി അതിരൂപതക്കുവേണ്ടിയുള്ള പൊന്തിഫിക്കൽ ഡെലഗേറ്റ്

പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിന്റെ മുൻ സെക്രട്ടറിയും സ്ലൊവാക്യായിലെ ഗ്രീക്ക് കത്തോലിക്കാസഭയുടെ കൊസിഷെ രൂപതാധ്യക്ഷനുമായ ആർച്ചുബിഷപ്പ് സിറിൽ വാസിലിനെ എറണാകുളം-അങ്കമാലി അതിരൂപതക്കുവേണ്ടിയുള്ള പൊന്തിഫിക്കൽ ഡെലഗേറ്റായി പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ നിയമിച്ചു. സീറോമലബാർസഭയിലെ മറ്റു രൂപതകളിലെല്ലാം നടപ്പിലാക്കിയ സിനഡുതീരുമാനമനുസരിച്ചുള്ള ഏകീകൃത വിശുദ്ധ കുർബാനയർപ്പണരീതി എറണാകുളം-അങ്കമാലി അതിരൂപതയിൽ നടപ്പിലാക്കുന്നതുമായിബന്ധപ്പെട്ടു രൂപപ്പെട്ട പ്രതിസന്ധി പഠിക്കുന്നതിനും പരിഹാരമാർഗം നിർദേശിക്കുന്നതിനുമാണു പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ തന്റെ പ്രത്യേക പ്രതിനിധിയായി ആർച്ചുബിഷപ്പ് സിറിൽ വാസിലിനെ നിയോഗിച്ചിരിക്കുന്നത്.

2023 മെയ് നാലാം തീയതി സീറോമലബാർസഭയുടെ പെർമനന്റ് സിനഡ് അംഗങ്ങൾ വത്തിക്കാനിലെത്തി സെക്രട്ടറി ഓഫ് സ്റ്റേറ്റ് കർദിനാൾ പിയെത്രോ പരോളിനുമായും പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിന്റെ തലവൻ നിയുക്ത കർദിനാൾ ക്ലൗദി യോ ഗുജറോത്തിയുമായും നടത്തിയ ചർച്ചയിൽ രൂപപ്പെട്ട നിർദേശമാണ് ഒരു പൊന്തിഫിക്കൽ ഡെലഗേറ്റിനെ അയക്കുക എന്നത്. ഈ നിർദേശം പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ അനുഭാവപൂർവം പരിഗണിക്കുമെന്നു പരിശുദ്ധ സിംഹാസനത്തിൽ നിന്ന് അറിയിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ, 2023 ജൂൺ മാസത്തിൽ കൂടിയ സീറോമലബാർസഭയിലെ മെത്രാന്മാരുടെ പ്രത്യേക സിനഡുസമ്മേളനത്തിൽ എറണാകുളം-അങ്കമാലി അതിരൂപതക്കുവേണ്ടി ഒരു പൊന്തിഫിക്കൽ ഡെലഗേറ്റിനെ നിയമിക്കുന്നതിനെക്കുറിച്ചു ചർച്ചചെയ്യുകയും സിനഡിന്റെ അനുകൂല തീരുമാനം പരിശുദ്ധ സിംഹാസനത്തെ അറിയിക്കുകയും ചെയ്തിരുന്നു. ഈ നടപടികളുടെ പൂർത്തീകരണമായാണ് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ പൊന്തിഫിക്കൽ ഡെലഗേറ്റിനെ നിയമിച്ചിരിക്കുന്നത്.

ആർച്ചുബിഷപ്പ് സിറിൽ വാസിൽ ഓഗസ്റ്റ് നാലിനു എറണാകുളത്ത് എത്തുമെന്നാണറിയിച്ചിരിക്കുന്നത്. റോമിലെ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിലെ കാനൻനിയമ പ്രൊഫസറും ഈശോസഭാംഗവുമായ ബഹു. സണ്ണി കൊക്കരവാലയിൽ അച്ചൻ പൊന്തിഫിക്കൽ ഡെലഗേറ്റിനെ അനുഗമിക്കുന്നുണ്ട്.

മാർപാപ്പയുടെ പ്രത്യേക പ്രതിനിധിയായി പേപ്പൽ ഡെലഗേറ്റു പ്രവർത്തിക്കുമ്പോഴും എറണാകുളം-അങ്കമാലി അതിരൂപതയുടെ ഭരണനിർവഹണചുമതല അപ്പസ്തോ

ലിക് അഡ്മിനിസ്ട്രേറ്റർ ആർച്ചുബിഷപ്പ് ആൻഡ്രൂസ് താഴത്ത് തുടർന്നും നിർവഹിക്കുന്നതാണ്.

1965-ൽ സ്ലൊവാക്യയിലെ കൊസിഷെയിൽ ജനിച്ച ആർച്ചുബിഷപ്പ് സിറിൽ വാസിൽ പ്രാഥമികപഠനത്തിനുശേഷം സെമിനാരിപരിശീലനം പൂർത്തിയാക്കി 1987ൽ വൈദികനായി. സഭാനിയമത്തിൽ ഡോക്ടറേറ്റ് നേടിയ അദ്ദേഹം റോമിലെ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ആദ്യം അധ്യാപകനായും പിന്നീടു റെക്ടറായും സേവനമനുഷ്ഠിച്ചു. 2009-ൽ പൗരസ്ത്യസഭകൾക്കായുള്ള വത്തിക്കാൻ കാര്യാലയത്തിന്റെ സെക്രട്ടറിയായി നിയമിതനായതിനൊപ്പം ആർച്ചുബിഷപ്പിന്റെ പദവിയോടുകൂടി മെത്രാനായി അഭിഷിക്തനായി. 2020-ൽ കൊസിഷെ രൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി നിയമിതനായ അദ്ദേഹത്തെ 2021ൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ ആ രൂപതയുടെ രണ്ടാമത്തെ മെത്രാനായി നിയമിച്ചു.

2011 ൽ സീറോമലബാർസഭയുടെ മുൻ മേജർ ആർച്ചുബിഷപ്പ് അഭിവന്ദ്യ മാർ വർക്കി വിതയത്തിൽ പിതാവിന്റെ മൃതസംസ്കാരശുശ്രൂഷകളിൽ മാർപാപ്പയുടെ പ്രതിനിധിയായി പങ്കെടുത്തത് ആർച്ചുബിഷപ്പ് സിറിൽ വാസിൽ ആയിരുന്നു. 2018 ജനുവരിയിൽ ഷംഷാബാദ് രൂപതാമെത്രാന്റെ സ്ഥാനാരോഹണത്തിന് എത്തിയ ആർച്ചുബിഷപ്പ് സിറിൽ വാസിൽ സിറോമലബാർസഭയുടെ സിനഡിനെ അഭിസംബോധന ചെയ്തു സംസാരിച്ചിട്ടുണ്ട്.

ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ
ചാൻസലർ

THE SYRO-MALABAR MAJOR ARCHIEPISCOPAL CURIA
Mount St. Thomas
Kakkanad - Kochi

**ARCHBISHOP CYRIL VASIL**

**Papal Delegate for the Archeparchy of Ernakulam-Angamaly**

---

5 August 2023

To the faithful of the Archeparchy of Ernakulam-Angamaly: greetings, peace, and blessings from Archbishop Cyril Vasil!

His Holiness Pope Francis has personally appointed me as his Delegate to the Archeparchy of Ernakulam-Angamaly with the purpose of helping the Archeparchy implement the Syro-Malabar Synodal decision on the uniform mode of celebration of the Holy Qurbana which is also approved by the Holy Father. In complete obedience to His Holiness and placing my full trust in Our Lord, I have taken on this responsibility. I am fully aware that the successful completion of this task requires the prayers, cooperation and support of all of you, which I earnestly seek.

In this context, I kindly ask the entire community of the faithful in this archeparchy, including laity, religious, seminarians, and priests, to join together in prayer. Let us seek a solution that is in harmony with the will of the Lord. I humbly request the parish priests, rectors of shrines and of the minor seminary, as well as the superiors of religious communities, to organize an hour of adoration in their respective churches during the period between the 6th and the 15th of August, dedicated to praying for this intention. I also encourage those who are willing to observe a day of fasting. Additionally, I humbly request all the faithful to include the above-mentioned intention in their prayers, whether during the recitation of the holy rosary or other prayers within their families, religious houses, and churches. We firmly believe that it is the Lord who guides our path, and it is only by following His way that we shall find the right course of action.

Dear brothers and sisters, the matter of how to celebrate the Holy Qurbana has been a significant concern for our archeparchy and the entire Syro-Malabar Church in recent years. Resolving this issue peacefully and with generosity of hearts will enable us to focus on other important matters to which the Lord calls us. Therefore, I earnestly encourage each and every one of you to pray and work diligently towards achieving union of minds and hearts in pursuit of this goal. Through our collective efforts, we can find a lasting solution and move forward as a stronger and more united Christian community.

We invoke the graces of the Sacred Heart of Jesus through the intercession of Blessed Virgin Mary and of St Thomas the Apostle, our father in faith.

With love and prayers for God's blessings upon all of you,

Archbishop Cyril Vasil, SJ,

Pontifical Delegate for the Archeparchy of Ernakulam-Angamaly.

PS: Your cooperation in circulating this letter among the faithful of this Archeparchy is highly appreciated. I request the priests to read it out, as far as possible, on the 6th of August in the churches during the Holy Qurbana, or communicate it through other communication media.

**ARCHBISHOP CYRIL VASIL**
**Papal Delegate for the Archeparchy of Ernakulam-Angamaly**

---

05 ആഗസ്റ്റ് 2023

***എറണാകുളം-അങ്കമാലി അതിരൂപതയിലെ വിശ്വാസികൾക്ക്: ആർച്ച് ബിഷപ്പ് സിറിൽ വാസിലിന്റെ ആശംസകളും സമാധാനവും അനുഗ്രഹവും!***

എറണാകുളം-അങ്കമാലി അതിരൂപതക്കുവേണ്ടി പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ അദ്ദേഹത്തിന്റെ 'ഡെലഗേറ്റ്' (delegate) ആയി എന്നെ നിയമിച്ചിരിക്കുകയാണ്. സിറോ മലബാർ സഭയുടെ മെത്രാൻ സിനഡ് നിശ്ചയിച്ചതും പരിശുദ്ധ പിതാവ് അംഗീകരിച്ചതുമായ ഏകികൃത കുർബാന അർപ്പണരീതി അതിരൂപതയിൽ നടപ്പിലാക്കുവാൻ സഹായിക്കുക എന്നതാണ് ഈ നിയമനത്തിന്റെ ഉദ്ദേശ്യം. പരിശുദ്ധ പിതാവിന്റെ തീരുമാനത്തിന് പൂർണമായി വിധേയപ്പെട്ടും നമ്മുടെ കർത്താവിൽ ശരണപ്പെട്ടും ഈ ഉത്തരവാദിത്വം ഞാൻ ഏറ്റെടുത്തിരിക്കുകയാണ്. ഈ ദൗത്യത്തിന്റെ വിജയകരമായ പൂർത്തീകരണത്തിനു നിങ്ങളുടെ എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും പിന്തുണയും ആവശ്യമാണെന്ന് എനിക്ക് നന്നായി അറിയാം. അത് ഞാൻ നിങ്ങളോട് വളരെ ആത്മാർത്ഥമായി യാചിക്കുന്നു.

ഈ സാഹചര്യത്തിൽ, അൽമായർ, സമർപ്പിതർ, വൈദികവിദ്യാർത്ഥികൾ, വൈദികർ എന്നിവരുൾകൊള്ളുന്ന ഈ അതിരൂപതയിലെ മുഴുവൻ വിശ്വാസികളോടും പ്രാർത്ഥനയിൽ ഒത്തുചേരാൻ ഞാൻ വിനയപൂർവം അപേക്ഷിക്കുന്നു. കർത്താവിന്റെ ഹിതത്തിനു പൂർണ്ണമായി യോജിച്ച ഒരു പരിഹാരം നമുക്ക് അന്വേഷിക്കാം. ഇടവക വൈദികരോടും തീർത്ഥാടനകേന്ദ്രങ്ങളിലെയും മൈനർ സെമിനാരിയിലെയും റെക്ടർമാരോടും സമർപ്പിത സമൂഹങ്ങളിലെ മേലധികാരികളോടും ഈ ഓഗസ്റ്റ് മാസം 6 നും 15 നും ഇടയിൽ ഈ നിയോഗത്തിനുവേണ്ടി പ്രാർത്ഥിക്കുന്നതിനായി അതാത് പള്ളികളിൽ ഒരു മണിക്കൂർ ആരാധനക്കായി മാറ്റിവയ്ക്കണമെന്നു ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു. ഇതിനുവേണ്ടി ഒരു ദിവസം നോമ്പെടുത്തു പ്രാർത്ഥിക്കുവാൻ തയ്യാറുള്ളവരെയും അതിനായി പ്രോത്സാഹിപ്പിക്കുന്നു. കൂടാതെ, പള്ളികളിലോ സന്യാസ ഭവനങ്ങളിലോ, കുടുംബങ്ങളിലോ, പരിശുദ്ധ ജപമാലയോ മറ്റു പ്രാർത്ഥനകളോ ചൊല്ലുന്ന അവസരങ്ങളിൽ മുകളിൽ സൂചിപ്പിച്ച നിയോഗം നിങ്ങളുടെ പ്രാർത്ഥനയിൽ ഉൾപ്പെടുത്തണമെന്ന് എല്ലാ വിശ്വാസികളോടും ഞാൻ താഴ്മയോടെ അഭ്യർത്ഥിക്കുന്നു. നമ്മെ വഴിനടത്തുന്നത് കർത്താവാണെന്നു നമ്മൾ ഉറച്ചു വിശ്വസിക്കുന്നു. അവന്റെ പാത പിന്തുടരുന്നതിലൂടെ മാത്രമേ നമുക്കു ശരിയായ പ്രവർത്തന ഗതി കണ്ടെത്താനാകൂ.

പ്രിയ സഹോദരീസഹോദരന്മാരേ, വിശുദ്ധ കുർബാന എങ്ങനെ അർപ്പിക്കണമെന്നത് കഴിഞ്ഞ കുറച്ചു വർഷങ്ങളായി നമ്മുടെ അതിരൂപതക്കും സീറോ മലബാർ സഭയ്ക്ക് മുഴുവനും ഒരു പ്രധാന ആശങ്കയാണ്. ഈ പ്രശ്നം സമാധാനപരമായും ഉദാരമനസ്സോടെയും പരിഹരിക്കുന്നതു കർത്താവ് നമ്മെ വിളിച്ചിരിക്കുന്ന മറ്റു പ്രധാന കാര്യങ്ങളിൽ ശ്രദ്ധിക്കുവാൻ നമ്മെ പ്രാപ്തരാക്കും. അതിനാൽ, മനസ്സുകളുടെയും ഹൃദയങ്ങളുടെയും ഐക്യം കൈവരിച്ചുകൊണ്ടു ഈ ലക്ഷ്യം നേടുന്നതിനായി പ്രാർത്ഥിക്കാനും ഉത്സാഹത്തോടെ പ്രവർത്തിക്കാനും ഞാൻ നിങ്ങളെ ഓരോരുത്തരെയും ആത്മാർത്ഥമായി പ്രോത്സാഹിപ്പിക്കുന്നു. നമ്മുടെ കൂട്ടായ പ്രയത്നത്തിലൂടെ ശാശ്വതമായ ഒരു പരിഹാരം കണ്ടെത്താനും കൂടുതൽ ശക്തവും യോജിച്ചതുമായ ഒരു ക്രിസ്തീയസമൂഹമായി മുന്നോട്ടു പോകുവാനും നമുക്ക് കഴിയും.

പരിശുദ്ധ കന്യകാമറിയത്തിന്റെയും, വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെയും മാധ്യസ്ഥത്തിലൂടെ നമ്മുടെ കർത്താവിന്റെ തിരുഹൃദയത്തിന്റെ കൃപകൾ നിങ്ങൾക്കെല്ലാവർക്കും ലഭിക്കട്ടെ.

ഏവർക്കും ദൈവാനുഗ്രഹമുണ്ടാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹപൂർവ്വം,

+ Cyril Vasil SJ

ആർച്ചുബിഷപ് സിറിൽ വാസിൽ, എസ്.ജെ.
എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുവേണ്ടിയുള്ള മാർപ്പാപ്പയുടെ പ്രതിനിധി.

---

**NB**: ഈ കത്ത് ഈ അതിരൂപതയിലെ വിശ്വാസികൾക്കിടയിൽ പ്രചരിപ്പിക്കുന്നതിനു നിങ്ങളുടെ സഹകരണം ഞാൻ അഭ്യർത്ഥിക്കുന്നു. സാധിക്കുന്നിടത്തോളം 2023 ഓഗസ്റ്റ് 6 ഞായറാഴ്ച ഈ കത്ത് അതിരൂപതയിലെ എല്ലാ പള്ളികളിലും വിശുദ്ധ കുർബാനയുടെ സമയത്തു വായിക്കണമെന്നും, അല്ലെങ്കിൽ മറ്റു സാമൂഹികസമ്പർക്കമാധ്യമങ്ങൾ വഴി വിശ്വാസികളെ അറിയിക്കണമെന്നും ഞാൻ വൈദികരോട് വിനീതമായി അഭ്യർത്ഥിക്കുന്നു.

**Archbishop Cyril Vasil' SJ**

**Pontifical Delegate for the Archeparchy of Ernakulam-Angamaly**
**Archbishop's House**
**Ernakulam, P.B. No. 2580**
**Kochi 682 031**

---

**To all priests of the Archeparchy of Ernakulam-Angamaly**

Dear Brother Priests of the Archeparchy of Ernakulam-Angamaly,

In the wake of the particular situation in the Archeparchy of Ernakulam-Angamaly wherein, against the definitive decision of the Synod of Bishops of the Syro-Malabar Church, the express directives given by the Dicastery for the Eastern Churches and the explicit demand of the Holy Father Pope Francis, the Synodal decision on the mode of celebration of the Holy *Qurbana* is not yet implemented in many churches, I, the undersigned Archbishop Cyril Vasil' SJ, after due consultation with all whom I met these days, considering the representation and memoranda received from various parts of the eparchy, after due study, reflection and prayer, and after having consulted the competent organs of the Apostolic See, in my capacity as the Pontifical Delegate for the Archeparchy of Ernakulam-Angamaly, with authority delegated to me by the Holy Father Pope Francis, communicate to all the priests of the Archeparchy of Ernakulam-Angamaly and the religious residing or working in the Archeparchy the following decisions:

1) Implement the Synodal decision on the mode of celebration of the Holy *Qurbana* with effect from **20 August 2023**. Any disobedience to this order will be considered voluntary, personal and culpable disobedience to the Holy Father. Therefore, it is hereby intimated to each of you personally that noncompliance with this direction will inevitably invite further disciplinary actions. If, in an individual case, you find it difficult to implement this, i.e., celebrating according to the synodal decision, due to some physical impediments in the form of intimidation, physical violence, menaces, public disorders created by other persons, etc., I authorize and order you not to conduct any public celebration of the Holy *Qurbana* until a conducive situation for the celebration the Holy *Qurbana* according to the Synodal decision is assured.

2) Read out the letter of the Holy Father Pope Francis, dated 25 March 2022, addressed to the people of God in the Archeparchy of Ernakulam-Angamaly, on Sunday, 20 August 2023, to the congregation during all liturgical celebrations in all the parish churches, filial churches and all other institutions where Sunday *Qurbana* is celebrated. After executing this order, send to the chancellor of the Archeparchial Curia of Ernakulam-Angamaly a letter confirming the reading, attested by the Parish Priest, the assistant parish priests, if any, and the *kaikars* and two representatives of the parish council, preferably the Vice Chairman and the Secretary. In other cases, the person in charge of the institution shall send the report to the Archeparchial Curia. I also ask you not to distort the intention of the Holy Father expressed clearly in this letter with subjective interpretations but rather use all means to explain the

content directly and clearly to help the people of God understand the will of the Holy Father regarding the implementation of the Holy *Qurbana* according to the Synodal decision in the Archeparchy. Any disobedience to this order is an act of impeding the right of the Holy Father to communicate with the people of God, which will be considered a serious delict against the Holy Father with subsequent canonical penal sanctions.

3) Commemorate the legitimate hierarchs during the celebration of the Holy *Qurbana*. By this letter, I order each of you personally to commemorate the Pope, the Major Archbishop and the Apostolic Administrator in all liturgical celebrations as prescribed in the liturgical texts and ensure that all those who assist the liturgical celebrations do the same. I hereby warn you that any negligence to fulfil this order will invite canonical punishments as prescribed in the Code of Canons of the Eastern Churches (c. 1438).

I remind you, brother priests, to pray ardently and think seriously over your pledge of obedience taken at the time of your Sacred Ordination. I invite you to obey the legitimate authority, set a good example before the faithful, and lead a life worthy of the Sacred Order received as a total gift from God through the Church, administered by the ecclesiastical authorities.

Entrusting you all to the protection of the Sacred Heart of Jesus,

Yours fraternally in the Lord,

**Archbishop Cyril Vasil' SJ**
Pontifical Delegate for the Archeparchy of Ernakulam-Angamaly

17 August 2023.

---

(ഫ്രാൻസിസ് മാർപ്പാപ്പ 25-3-2022ന് എറണാകുളം-അങ്കമാലി അതിരൂപതയിലെ ദൈവജനത്തിനു നൽകിയ അപ്പസ്തോലിക കത്തിന്റെ മലയാള പരിഭാഷ)

## മേജർ ആർച്ച്ബിഷപ്പ്, മേജർ ആർച്ച്ബിഷപ്പിന്റെ വികാരി, എറണാകുളം-അങ്കമാലി അതിരൂപതയിലെ വൈദികർ, സന്യസ്തർ, അൽമായ വിശ്വാസികൾ എന്നിവർക്ക്

മാനവരാശിയുടെ രക്ഷയ്ക്കായി, താഴ്ത്തപ്പെടലിലേക്കും പീഡാസഹനത്തിലേക്കും നടന്നുനീങ്ങുന്ന, പിതാവിന്റെ ഇച്ഛ പൂർത്തീകരിക്കാൻ കയ്പുനിറഞ്ഞ പാനപാത്രത്തിൽനിന്നു പാനംചെയ്യാൻ സന്നദ്ധനാകുന്ന കർത്താവിനെ, കൂടുതൽ ആധികാരികതയോടും ഉത്തരവാദിത്വത്തോടുംകൂടി അനുഗമിക്കാൻ ഈസ്റ്റർ ഒരുക്കത്തിന്റെ ഈ വിശുദ്ധ കാലം നമ്മെ ക്ഷണിക്കുകയാണ്.

മാനവരാശിക്ക് ഉടമ്പടിയുടെ പൂർണതയിലേക്ക് പ്രവേശിക്കാനും മുന്നേറാനും വേണ്ടി നേട്ടത്തിന്റെ, വിജയത്തിന്റെ, മിശിഹാമഹത്വത്തിന്റെ മാനുഷിക അവകാശവാദങ്ങളിൽനിന്നു ക്രിസ്തു പിൻവാങ്ങുന്നു. വിനയവും എളിമയും നിറഞ്ഞ സ്നേഹത്താൽ അവിടന്ന് വിജയം വരിക്കുന്നു: കുരിശിൽ സർവം ഉരിഞ്ഞെടുക്കപ്പെട്ടുവെങ്കിലും, പിതാവുമായുള്ള അവിടത്തെ ബന്ധമെന്ന, ഏറ്റവും സുപ്രധാനമായ ഒന്ന്, ആർക്കും കവർന്നെടുക്കാനാകില്ല. പിതാവിന്റെ ആ പ്രതികരണമാണു പാപത്തിന്മേൽ, മരണത്തിന്മേലുള്ള ഈശോയുടെ വിജയമുണ്ടാകുന്ന ഈസ്റ്റർ പുലരി. വൈവിധ്യമാർന്ന ആരാധനക്രമ പാരമ്പര്യങ്ങൾ ആലപിക്കുന്ന "ഹല്ലേലുയ്യ", ക്രിസ്തുവിനോടൊപ്പം ഉയിർപ്പിക്കപ്പെട്ട മാനവരാശി പരിശുദ്ധ ത്രിത്വത്തിന് ഉയർത്തുന്ന കൂട്ടായ്മയുടെയും സ്തുതിയുടെയും കീർത്തനമാണ്; അത് ആർക്കെങ്കിലും എന്തിനെങ്കിലും എതിരേയുള്ളതല്ല.

ഒരു സഭയെന്ന നിലയിൽ, നാമെല്ലാവരും - മെത്രാന്മാർ, വൈദികർ, ഡീക്കൻമാർ, അൽമായ വിശ്വാസികൾ - ആഘോഷിക്കുന്ന രഹസ്യത്തിന്റെ സത്ത മറക്കാൻ പലപ്പോഴും പ്രലോഭിതരാകുന്നു: നാം ഈശോയെക്കുറിച്ചു സംസാരിക്കുന്നു, സൈദ്ധാന്തികമായി നമുക്ക് അവിടത്തെക്കുറിച്ച് വളരെയേറെ അറിയാം. എങ്കിലും അവിടത്തോടൊപ്പം ജീവിക്കാൻ, അവിടത്തെ ഇഷ്ടപ്പെടാൻ, താഴ്ത്തപ്പെടലിന്റെ പാതയും കുരിശിന്റെ വഴിയും അംഗീകരിക്കാൻ നമുക്കാകണം. നമുക്കു വിഘടിച്ചുജീവിക്കാനാകില്ല. നമുക്കു വിഭജനം സൃഷ്ടിക്കാനാവില്ല. നമുക്കൊരു വിവാദത്തിന്റെ പ്രഭവമാകുന്നതിനു നിന്നുകൊടുക്കാനാകില്ല.

നിങ്ങളുടെ സഭയുടെ ആരാധനക്രമം നിർണയിക്കാൻ പരമോന്നതാധികാരമുള്ള സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭയുടെ മെത്രാൻ സിനഡ്, കുറച്ചുവർഷങ്ങൾക്കുമുമ്പു നിർദേശിച്ച രീതിയിൽ ഏതാനും ആരാധനക്രമഗ്രന്ഥങ്ങൾ അംഗീകരിക്കുക മാത്രമല്ല, ആഘോഷങ്ങളുടെ രീതി നിർണയിക്കുകയും ചെയ്തിരുന്നു. നിങ്ങളുടെ സഭയുടെ വൈവിധ്യമുള്ള പശ്ചാത്തലങ്ങളുമായി ബന്ധപ്പെട്ട, ഭിന്നങ്ങളായ പാരമ്പര്യങ്ങളെക്കുറിച്ചു പൂർണ അവബോധത്തോടെ, അവരവരുടെ ആരാധനാരീതികളിൽനിന്ന് ഒരുചുവടു പിന്നോട്ടു വയ്ക്കാനും അങ്ങനെ കൂട്ടായ്മയുടെ അടയാളം പ്രകടമാക്കാനും കൂടുതൽ മഹത്തരമായ സ്നേഹത്തിനും സാക്ഷ്യത്തിനും വേണ്ടി ഇതി

ലുൾപ്പെട്ട എല്ലാവരും അവരുടെ സ്വന്തമായ ചില പ്രത്യേകതകൾ ത്യാഗം ചെയ്യാനും നിർദേശിക്കപ്പെട്ടിരുന്നു.

വിശുദ്ധ കുർബാന നടപ്പിലാക്കാൻ തെരഞ്ഞെടുക്കപ്പെട്ട തീയതിയായ 2021 നവംബർ 28 മുതൽ സിനഡിന്റെ തീരുമാനം നടപ്പിൽവരുത്താൻ 34 രൂപതകൾ തീരുമാനിച്ചിരുന്നു. നിങ്ങളുടെ കാര്യത്തിൽ ഇതുണ്ടായി ല്ലെന്നതു ഖേദകരമാണ്. പകരം നിങ്ങൾ, ശ്രദ്ധാപൂർവമായ വിചിന്തന ത്തോടെയാണെങ്കിലും, സീറോമലബാർസഭയിലെ മറ്റുള്ളവരിൽനിന്ന് ഒറ്റപ്പെട്ട്, പ്രത്യേക ആരാധനക്രമരീതി തുടരാൻ തീരുമാനിച്ചു. എന്നി രുന്നാലും, ക്രൈസ്തവവിശ്വാസികൾ എന്ന നിലയിൽ, നമ്മുടെ പെരു മാറ്റം, എങ്ങനെ വിയോജിപ്പു പ്രകടിപ്പിക്കുന്നു, വൈഷമ്യങ്ങളെയും താഴ്ത്തപ്പെടലിനെയും എങ്ങനെ സ്വീകരിക്കുന്നു, എങ്ങനെ ഒരു ചുവടു പിന്നോട്ടുവയ്ക്കുന്നു എന്നിങ്ങനെസ്വയം ചോദിക്കുന്നതു നന്നായിരി ക്കും. ഇതു കർത്താവിലേക്കു നോക്കി, അവിടത്തെ ഉത്കണ്ഠയിലും പീഡാസഹനത്തിലും തുടങ്ങി അവിടത്തോടൊപ്പം പെസഹാരഹസ്യം ഒരുമിച്ചനുഭവിക്കാനും ആഘോഷിക്കാനുമുള്ള സന്നദ്ധതയോടെയാ കണം; അല്ലാതെ, വിജയത്തിന്റെയോ പരാജയത്തിന്റെയോ അഥവാ ഒരു ഗ്രൂപ്പിനെതിരേ മറ്റൊന്ന് എന്ന മാനുഷികമാനദണ്ഡത്തിനോ അനു സൃതമായിട്ടാകരുത്.

അതിനാൽ, സിനഡ് നിശ്ചയിച്ചപ്രകാരം, വി. കുർബാനയാഘോഷത്തി ന്റെ രൂപം എങ്ങനെയാകണമെന്ന സിനഡിന്റെ തീരുമാനം 2022 ഈസ്റ്റ റിനു മുമ്പായി താമസംവിനാ നടപ്പാക്കാൻ പിതൃനിർവിശേഷമായി ഉദ്ബോധിപ്പിച്ചുകൊണ്ടു ഞാൻ നിങ്ങൾക്കെഴുതുന്നു. മറ്റിടങ്ങളിൽ ചെയ്തതുപോലെ ഉചിതമായ ബോധനം നൽകാനായി, അതുവഴി മാറ്റങ്ങൾ അംഗീകരിക്കാനായി എല്ലാവരും തയ്യാറാകുന്നതിന്, ചില ഇടവകകൾക്കു കൂടുതൽ സമയം വേണ്ടിവരാൻ സാധ്യതയുണ്ട്. സിനഡിന്റെ തീരുമാനം ചോദ്യം ചെയ്യപ്പെടാത്തിടത്തോളം ഇത് മനസി ലാക്കാവുന്നതാണ്. അതിരൂപതയുടെ മെത്രാപ്പോലീത്തയായ മേജർ ആർച്ച്ബിഷപ്പിനോടോ മേജർ ആർച്ച്ബിഷപ്പിന്റെ അംഗീകാരത്തോ ടെ അദ്ദേഹത്തിന്റെ വികാരിയോടോ നിയമം അനുവദിക്കുംവിധം ആവശ്യമായ ഈ ഇളവു ചോദിക്കാവുന്നതാണ്. പൗരസ്ത്യസഭകളു ടെ കാനൻ നിയമസംഹിതയ്ക്കനുസൃതമായി നിശ്ചയിക്കപ്പെട്ട സമയത്തേയ്ക്കുമാത്രമേ ഈ ഇളവു നൽകാനാകൂ.

വൈഷമ്യം നിറഞ്ഞതും വേദനാജനകവുമായ ഒരു ചുവടുവയ്ക്കാൻ ഞാൻ നിങ്ങളോടു ആവശ്യപ്പെടുകയാണ് എന്നു ഞാൻ തിരിച്ചറിയുന്നു; എന്നാൽ, കർത്താവിന്റെ സ്വരം ശ്രവിക്കാനും മാർപാപ്പയുടെ ഉപദേശത്തിലും അഭ്യർഥനയിലും വിശ്വാസമർപ്പിക്കാനും തയ്യാറുള്ള പുരോഹിതരുടെയും അൽമായവിശ്വാസികളുടെയും മാതൃക ഞാൻ നിങ്ങളിൽ കാണുമെന്ന് എനിക്ക് ഉറപ്പുണ്ട്. ഇതു സീറോമലബാർസഭയുടെ നൂറ്റാണ്ടുകളിലൂടെ പ്രകടമായിട്ടുള്ള വ്യതിരിക്ത സ്വഭാവസവിശേഷതയാണ്. ഒട്ടേറെ ചരിത്രപരമായ തെറ്റിദ്ധാരണകൾ മറികടക്കാനും നമ്മുടെ കാലത്ത് ദൈവവിളിയും പ്രേഷിതോത്സാഹവും പുഷ്ടിപ്പെടുത്താനും നിങ്ങളുടെ വിശ്വസ്തത ഇടയാക്കിയിട്ടുണ്ട്. നിങ്ങൾ ചെയ്യുന്ന ത്യാഗം കർത്താവു മറക്കുകയില്ല, ഒടുവിൽ അവിടത്തെ അനുഗ്രഹങ്ങളുടെ സമൃദ്ധിയിലേക്കു നിങ്ങളുടെ ഹൃദയങ്ങൾ തുറക്കപ്പെടും. അങ്ങനെ സങ്കീർത്തനവചനങ്ങൾ നിങ്ങളിൽ അന്വർത്ഥമാകും: "വിത്തു ചുമന്നുകൊണ്ടു വിലാപത്തോടെ വിതയ്ക്കാൻ പോകുന്നവർ കറ്റ ചുമന്നുകൊണ്ട് ആഹ്ലാദത്തോടെ വീട്ടിലേക്കു മടങ്ങും" (126:6). നിങ്ങൾ ആയിരിക്കുന്ന അതിലോലസാഹചര്യത്തിൽ വിഭജനത്തിന്റെ എല്ലാ വിവാദങ്ങൾക്കും പ്രതിസാക്ഷ്യങ്ങൾക്കുമുപരി നാം കർത്താവിൽ വിതച്ചാൽ അവിടത്തോടൊത്തു കൊയ്യാം; നാം കാറ്റു വിതച്ചാൽ കൊടുങ്കാറ്റ് കൊയ്യും.

നിങ്ങളുടെ വിശ്വസ്തതയിലും അനുസരണത്തിലും വിശ്വാസമർപ്പിച്ചുകൊണ്ട്, പൗരോഹിത്യ അഭിഷേകത്തിലൂടെ കൈവന്ന പ്രത്യേക ബാധ്യത ഓർമിപ്പിച്ചുകൊണ്ട്, നിങ്ങൾക്കെല്ലാവർക്കുംമേൽ കർത്താവിന്റെ അനുഗ്രഹം ഞാൻ പ്രാർഥിക്കുന്നു, ദയവായി എനിക്കുവേണ്ടി പ്രാർഥിക്കാനും അഭ്യർഥിക്കുന്നു.

sd/-

റോമിലെ സെന്റ് ജോൺ ലാറ്ററൻ, 2022 മാർച്ച് 25
ഫ്രാൻസിസ് മാർപാപ്പ

കർത്താവിന്റെ മംഗളവാർത്താതിരുനാൾ

**ARCHBISHOP ANDREWS THAZHATH**
**Ap. Administrator *sede plena* of the Archeparchy of Ernakulam-Angamaly**
Major Archbishop's House, Ernakulam, P.B No. 2580,
Kochi, Kerala - 682031, INDIA. Ph. 0484-23552629; 2352906
Email: athazhath@gmail.com; Curia: curiaekm@hotmail.com; Website : www.ernakulamarchdiocese.org

---

Prot. No. 51/2023 19 August 2023

എറണാകുളം - അങ്കമാലി അതിരൂപതയിലെ പ്രിയ ബഹുമാനപ്പെട്ട വൈദികരെ, സമർപ്പിതരെ, അത്മായ സഹോദരി സഹോദരന്മാരെ,

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയ്ക്ക് വേണ്ടി അദ്ദേഹത്തിൻറെ പ്രതിനിധിയായി അയക്കപ്പെട്ട ആർച്ച്ബിഷപ്പ് സിറിൽ വാസിൽ നമുക്ക് നൽകിയ കൽപ്പനയോടുകൂടിയ കത്തിന്റെ പശ്ചാത്തലത്തിൽ, നാളെ ആഗസ്റ്റ് ഇരുപതാം തീയതി ഞായറാഴ്ച അതിരൂപതയെ സംബന്ധിച്ചിടത്തോളം നിർണായക ദിവസമാണ്. കുർബാന അർപ്പണരീതിയെ കുറിച്ചുള്ള ദീർഘനാളത്തെ വിവാദങ്ങൾക്ക് ഒടുവിൽ അന്തിമതീർപ്പ് മാർപാപ്പ ഡെലഗേറ്റ് വഴി നൽകിയിരിക്കുകയാണ്. ഈ ഞായർ മുതൽ നമ്മുടെ അതിരൂപതയിൽ സിനഡ് അംഗീകരിച്ച കുർബാന രീതി മാത്രമേ അനുവദനീയമായുള്ളൂ എന്ന് അസന്നിഗ്ധമായ ഭാഷയിൽ പ്രഖ്യാപിച്ചിരിക്കുകയാണ്. അതിനാൽ കത്തോലിക്കാ സഭയുടെ കൂട്ടായ്മയിൽ മാർപാപ്പയോട് ചേർന്നുനിൽക്കുന്ന എല്ലാവരും ഈ തീരുമാനം അനുസരിക്കാൻ ബാധ്യസ്ഥരാണ്. മാർപാപ്പയെ അനുസരിക്കാതിരിക്കുന്നത് കത്തോലിക്കാ സഭയിൽ നിന്നുള്ള പുറത്തുപോകൽ ആയിട്ടാണ് കണക്കാക്കപ്പെടുക.

പ്രിയ ബഹുമാനപ്പെട്ട വൈദികരെ, തിരുപ്പട്ടത്തിന്റെ അവസരത്തിൽ ബൈബിൾ തൊട്ട് നമ്മൾ എടുത്ത പ്രതിജ്ഞ അനുസ്മരിച്ചുകൊണ്ട് മാർപാപ്പയെയും സഭാധികാരികളെയും നമുക്ക് അനുസരിക്കാം.

നമ്മുടെ അതിരൂപതയിൽ ഐക്യവും സമാധാനവും സഭാകൂട്ടായ്മയും നിലനിൽക്കാൻ ഏവരും ശക്തമായി പ്രാർത്ഥിക്കണമെന്നും പരിശ്രമിക്കണമെന്നും അപേക്ഷിക്കുന്നു.

+ Andrews Thazhath

മാർ ആൻഡ്രൂസ് താഴത്ത്
എറണാകുളം - അങ്കമാലി അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ .

Ref.No. SMMC88/2023

# കൂട്ടായ്മയ്ക്കുവേണ്ടിയുള്ള സിനഡ് പിതാക്കന്മാരുടെ സംയുക്ത ആഹ്വാനം

എറണാകുളം-അങ്കമാലി അതിരൂപതയിലെ എല്ലാ ബഹുമാനപ്പെട്ട വൈദികരോടും സന്യസ്തരോടും അല്മായ സഹോദരങ്ങളോടും സീറോമലബാർസഭയുടെ സിനഡ് പിതാക്കന്മാർ ഏകമനസ്സോടെയും പൈതൃകമായ സ്നേഹത്തോടെയും കൂട്ടായ്മയുടെ ഈ സന്ദേശം പങ്കുവെക്കാൻ ആഗ്രഹിക്കുന്നു:

പതിറ്റാണ്ടുകളായി നമ്മുടെ സഭയിൽ ഏകീകൃത രീതിയിലുള്ള വിശുദ്ധ കുർബാനയർപ്പണത്തിനായി നാം പരിശ്രമിക്കുകയായിരുന്നല്ലോ. സീറോമലബാർസഭയിൽ എറണാകുളം-അങ്കമാലി അതിരൂപത യിലൊഴികെ മറ്റെല്ലാ രൂപതകളിലും ഏകീകൃത രീതിയിലുള്ള വിശുദ്ധ കുർബാനയർപ്പണം നടപ്പിലായി. ഈ വിഷയത്തിൽ അതിരൂപതയിൽ രൂപപ്പെട്ട പ്രതിസന്ധികൾ പരിഹരിക്കാൻ വിവിധ തലങ്ങളിൽ പരിശ്രമിച്ചെങ്കിലും വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞില്ല. പ്രശ്നപരിഹാരത്തിനുള്ള അവസാന മാർഗ്ഗം എന്ന നിലയിലാണ് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ ആർച്ച്ബിഷപ് സിറിൽ വാസിലിനെ പൊന്തിഫിക്കൽ ഡെലഗേറ്റായി നിയമിച്ചത്. എന്നാൽ പൊന്തിഫിക്കൽ ഡെലഗേറ്റിനോട് നിഷേധാത്മക സമീപനം സ്വീകരി ച്ചവർക്ക് കത്തോലിക്കാ കൂട്ടായ്മയിൽ തുടരാനാകാത്ത സാഹചര്യ മാണ് ഇപ്പോൾ സംജാതമായിരിക്കുന്നത്. ഏറെ ദുഃഖകരമായ ഈ സാഹചര്യത്തിൽ നമ്മുടെ അമ്മയായ പരിശുദ്ധ കത്തോലിക്കാ സഭയുടെ കൂട്ടായ്മ നിങ്ങളിലാരും നഷ്ടപ്പെടുത്തരുതെന്ന് ഞങ്ങൾ ഹൃദയപൂർവം ആഗ്രഹിക്കുന്നു. ഇതിനായി സീറോമലബാർസഭയുടെ സിനഡ് തീരുമാനിച്ചതും പൗരസ്ത്യ സഭകൾക്കായുള്ള കാര്യാലയം അംഗീകരിച്ചതും പരിശുദ്ധ മാർപാപ്പ ഉദ്ബോധിപ്പിച്ചതുമായ ഏകീകൃത വിശുദ്ധ കുർബാനയർപ്പണരീതി ഘട്ടം ഘട്ടമായെങ്കിലും നടപ്പിലാക്കാ നുള്ള സന്നദ്ധത നിങ്ങൾ ശ്ലൈഹീക സിംഹാസനത്തെ അറിയിക്കണം.

എറണാകുളം-അങ്കമാലി അതിരൂപതാ അംഗങ്ങളുമായി ചർച്ച തുടരുവാൻ സിനഡ് സന്നദ്ധമാണ്. സംഭാഷണം സുഗമമാക്കാൻ മാർ ബോസ്കോ പുത്തൂർ (കൺവീനർ), ആർച്ച്ബിഷപ് മാർ മാത്യു മൂലക്കാട്ട്, ആർച്ച്ബിഷപ് മാർ ജോസഫ് പാംപ്ലാനി, ആർച്ച്ബിഷപ് മാർ കുര്യാക്കോസ് ഭരണികുളങ്ങര, മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്, മാർ ജോർജ് മഠത്തിക്കണ്ടത്തിൽ, മാർ ജോസ് ചിറ്റൂപ്പറമ്പിൽ സിഎംഐ, മാർ എഫ്രേം നരികുളം, മാർ ജോസ് പുത്തൻവീട്ടിൽ എന്നിവരടങ്ങുന്ന ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. എറണാകുളം-അങ്കമാലി അതിരൂപതയിൽ നിന്നുള്ള അഞ്ച് ബിഷപ്പുമാരാണ് ചർച്ചയ്ക്ക് തുടക്കമിടുന്നത്. ചർച്ചകൾക്കുള്ള നിർദ്ദേശങ്ങൾ ഇവയാണ്:

1. എറണാകുളം-അങ്കമാലി അതിരൂപത നിലവിൽ പൊന്തിഫിക്കൽ ഡെലഗേറ്റിന്റെയും അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററുടെയും കീഴിലായതിനാൽ പേപ്പൽ ഡെലഗേറ്റ് മുഖേന പരിശുദ്ധ പിതാവിന്റെ സമ്മതത്തോടെ മാത്രമേ പരിഹാരത്തിനുള്ള ഏതു നിർദ്ദേശവും നടപ്പിലാക്കാൻ കഴിയൂ.

2. വിശുദ്ധ കുർബാനയുടെ ഏകീകൃത അർപ്പണരീതി നടപ്പിലാക്കുന്നത് സംബന്ധിച്ച് 2022 മാർച്ച് 25ലെ കത്തിലൂടെ ഫ്രാൻസിസ് മാർപാപ്പ തന്ന ഉദ്ബോധനം അനുസരിക്കാൻ എറണാകുളം-അങ്കമാലി അതിരൂപതയിലെ വൈദികർ തയ്യാറാകണം.

3. ഏകീകൃത കുർബാനയർപ്പണരീതി ക്രമാനുഗതമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കത്തീഡ്രൽ ബസിലിക്ക, പരിശീലന കേന്ദ്രങ്ങൾ, സന്യാസ ഭവനങ്ങൾ, തീർഥാടനകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഏകീകൃത രീതിയിലുള്ള കുർബാനയർപ്പണം ആരംഭിക്കേണ്ടതാണ്.

4. ഏകീകൃത കുർബാനയർപ്പണരീതി നടപ്പിലാക്കുന്നതിനുവേണ്ടി ബോധവത്കരണത്തിനായി നിശ്ചിതസമയം ആഗ്രഹിക്കുന്ന ഇടവകകൾ കാനോനികമായ ഒഴിവ് (CCEO 1538) വാങ്ങേണ്ടതാണ്.

5. ഏകീകൃത വിശുദ്ധ കുർബാനയർപ്പിക്കുന്ന വൈദികർക്കും അപ്രകാരം അർപ്പിക്കാൻ ആഗ്രഹിക്കുന്ന വൈദികർക്കും യാതൊരു വിധത്തിലുമുള്ള തടസ്സങ്ങളും സൃഷ്ടിക്കാൻ പാടില്ല.

6. എറണാകുളം-അങ്കമാലി അതിരൂപതയിലെ ഇടവകകളോ സ്ഥാപനങ്ങളോ സന്ദർശിക്കുന്ന മെത്രാൻമാർക്ക് വിശുദ്ധ കുർബാന ഏകീകൃതരീതിയിൽ അർപ്പിക്കുന്നതിന് തടസ്സമുണ്ടാകരുത്. ഇത്തരം അവസരങ്ങളിൽ എല്ലാ ഇടവക വൈദികരും അതത് ദേവാലയങ്ങളിൽ വിശുദ്ധ കുർബാന ഏകീകൃത രീതിയിൽ അർപ്പിക്കാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

7. വിശുദ്ധ കുർബാനയർപ്പണങ്ങളിൽ പരിശുദ്ധ മാർപാപ്പ, മേജർ ആർച്ച്ബിഷപ്പ്, അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ എന്നിവരുടെ പേരുകൾ അനുസ്മരിക്കേണ്ടതാണ്.

പ്രിയ വൈദിക സഹോദരങ്ങളേ, പരിശുദ്ധ പിതാവ് തന്റെ പ്രത്യേക പ്രതിനിധിയായ പൊന്തിഫിക്കൽ ഡെലഗേറ്റിലൂടെ നമ്മോട് ആവശ്യപ്പെട്ട വിധേയത്വം തിരസ്കരിക്കുന്നത് വേദനാജനകമായ നടപടികളിലേക്ക് നയിക്കുമെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. വ്യക്തിപരമോ പ്രാദേശികമോ ആയ അഭിപ്രായവ്യത്യാസങ്ങൾ മറന്ന് നമുക്ക് ഒരു മനസ്സോടെ മുന്നോട്ട് നീങ്ങാം. എല്ലാറ്റിനെയും ഒന്നിപ്പിക്കുന്ന നമ്മുടെ കർത്താവ് ഈശോമിശിഹായുടെ ബലിവേദി നമ്മുടെ കൂട്ടായ്മയുടെ ഉറവിടമാകട്ടെ എന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഈശോയുടെ തിരുഹൃദയത്തിനും നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെ വിമലഹൃദയത്തിനും നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ മാധ്യസ്ഥ്യത്തിനും നിങ്ങളെ ഭരമേല്പിക്കുന്നു.

(സീറോമലബാർസഭയുടെ മുപ്പത്തിയൊന്നാമത് സിനഡിന്റെ മൂന്നാം സമ്മേളനത്തിൽ പങ്കെടുക്കുന്ന എല്ലാ പിതാക്കന്മാരും ചേർന്ന് പ്രസിദ്ധീകരിക്കുന്നത്)

ഫാ. ഡോ. ആന്റണി വടക്കേകര വി.സി.
പി.ആർ.ഒ, സീറോമലബാർസഭ &
സെക്രട്ടറി, മീഡിയാ കമ്മീഷൻ

ഓഗസ്റ്റ് 24, 2023

## പേരുമാറ്റം

കേരളസർക്കാരിന്റെ സംവരണേതര വിഭാഗങ്ങളുടെ പട്ടികയിൽ സീറോ മലബാർ സഭാവിഭാഗത്തിന് "സിറിയൻ കാത്തലിക് (സീറോമലബാർ കാത്തലിക്)" എന്നായിരുന്നു പേര് നൽകിയിരുന്നത്. പ്രസ്തുത പേരിനു പകരം "സീറോ മലബാർ സിറിയൻ കാത്തലിക്" എന്ന് മാറ്റം വരുത്തി പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവ് താഴെ ചേർക്കുന്നു.

ചാൻസലർ

compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ

GOVERNMENT OF KERALA

# കേരള ഗസറ്റ്

# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

PUBLISHED BY AUTHORITY

ചൊവ്വ, 2023 ഓഗസ്റ്റ് 08
Tuesday, 08th August 2023

1198 കർക്കടകം 23
23rd Karkadakam 1198

1945 ശ്രാവണം 17
17th Sravana 1945

വാല്യം 12
Vol. XII

നമ്പർ
No. } 32

## Part I

## General Administration Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**കേരള സർക്കാർ**

സംഗ്രഹം

പൊതുഭരണം—കേരളത്തിൽ നിലവിലുള്ള സംവരണ ആനുകൂല്യങ്ങൾ ലഭിക്കാത്ത സംവരണേതര വിഭാഗങ്ങളുടെ പട്ടികയിൽ 163-ാം ക്രമനമ്പരായിട്ടുള്ള സിറിയൻ കാത്തലിക് എന്ന പേര് ''സീറോ മലബാർ സിറിയൻ കാത്തലിക്'' എന്ന് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുഭരണ (ഏകോപനം) വകുപ്പ്**

സ. ഉ. (കൈ) നമ്പർ 109/2023/പൊ.ഭ.വ. തിരുവനന്തപുരം, 2023 ജൂലൈ 8.

പരാമർശം:—(1) 29-2-2019-ലെ മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട്.

(2) സ.ഉ. (കൈ) നമ്പർ 114/2021/പൊ.ഭ.വ, തീയതി 3-6-2021.

(3) 14-6-2021-ൽ സീറോ മലബാർ ചർച്ച് മേജർ ആർച്ച് ബിഷപ്പ് ജോർജ്ജ് കർദ്ദിനാളാൾ ആലഞ്ചേരി ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ച നിവേദനം.

**ഉത്തരവ്**

മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഒ.ബി.സി., കേന്ദ്ര ഒ.ബി.സി., സംസ്ഥാന എസ്.ഇ.ബി.സി പട്ടികയിൽ ഒന്നും ഉൾപ്പെടാത്ത, അതായത് തൊഴിൽ സംവരണവും, വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കാത്ത 164 സംവരണേതര വിഭാഗങ്ങളുടെ പട്ടിക അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത പട്ടികയിൽ 163-ാം ക്രമനമ്പരായിട്ടുള്ള സിറിയൻ കാത്തലിക് (സീറോ മലബാർ കാത്തലിക്) എന്ന പേരിന് പകരം സീറോ മലബാർ സിറിയൻ കാത്തലിക് എന്നാക്കി മാറ്റണമെന്നാവശ്യപ്പെട്ട് പരാമർശം (3) പ്രകാരം കത്ത് സമർപ്പിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സംവരണേതര പട്ടികയിലെ 163-ാം ക്രമനമ്പരായ സിറിയൻ കാത്തലിക് (സീറോ മലബാർ കാത്തലിക്) എന്ന പേരിന് പകരം ''സീറോ മലബാർ സിറിയൻ കാത്തലിക്'' എന്ന് മാറ്റം വരുത്തി ഉത്തരവാകുന്നു.

(3) മേൽ ഭേദഗതികളോടെ പരാമർശം (2) പ്രകാരമുള്ള ഉത്തരവ് നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ. ആർ. ജ്യോതിലാൽ,
പ്രിൻസിപ്പൽ സെക്രട്ടറി.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# എട്ടുനോമ്പ്

*ഫാ. ഇഗ്നേഷ്യസ് പയ്യപ്പിള്ളി*

അതിപുരാതനകാലംമുതൽ മർത്തമറിയത്തോട് (പരിശുദ്ധ കന്യാമറിയം) സവിശേഷമായ ഭക്തിയും സ്നേഹവും പുലർത്തിയിരുന്നവരാണു നസ്രാണികൾ. ഈ ഭക്തിയുടെയും സ്നേഹത്തിന്റെയും മകുടോദാഹരണമാണു നസ്രാണികൾ അനുഷ്ഠിച്ചുപോന്ന പതിനഞ്ചു നോമ്പും എട്ടുനോമ്പും. പതിനഞ്ചുനോമ്പിന്റെ കാര്യത്തിലെന്നപോലെ യൂറോപ്യന്മാരുടെ ആഗമനത്തിനും വളരെക്കാലം മുമ്പുതന്നെ കേരളത്തിലെ നസ്രാണികൾ എട്ടുനോമ്പും ആചരിച്ചിരുന്നതായി രേഖകൾ കൊണ്ടു തെളിയുന്നു. മറ്റു നോമ്പുകളിൽനിന്നു വ്യത്യസ്തമായി എട്ടുനോമ്പ് ആചരിച്ചിരുന്നത് പ്രധാനമായും സ്ത്രീകളായിരുന്നു. എട്ടുനോമ്പു കൂടുതൽ കാർക്കശ്യത്തോടെ അനുഷ്ഠിച്ചിരുന്നതാകട്ടെ മാതാവിന്റെ നാമധേയത്തിലുള്ള ദേവാലയങ്ങളിലുമായിരുന്നു. ഹൈന്ദവ സ്ത്രീകൾ ക്ഷേത്രങ്ങളിൽ ഭജനയിരിക്കുകയും ഉപവസിച്ചു പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. അവരെ അനുകരിച്ചു നസ്രാണി സ്ത്രീകൾ മാതാവിനു പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള ദേവാലയങ്ങളിൽ മാതാവിന്റെ പിറവിത്തിരുനാളിനു ഒരുക്കമായിട്ട് ഏഴു ദിവസം (എട്ടാം ദിവസം തിരുനാൾ) പ്രാർത്ഥനയിലും ഉപവാസത്തിലും ചെലവഴിക്കുകയാണു ചെയ്തിരുന്നത്. ആകയാൽ ഹൈന്ദവ സംസ്കാരത്തിൽനിന്നു ക്രൈസ്തവ സംസ്കാരത്തിലേക്കു കുടിയേറിയ ഒരു ആചാരമാണ് എട്ടുനോമ്പ് എന്നു ചില പണ്ഡിതർ അഭിപ്രായപ്പെടുന്നു (ഡോ. ജോർജ് കുരുക്കൂർ, *ക്രൈസ്തവ ശബ്ദകോശം*, p. 179).

കേരളത്തിൽ ഒമ്പതാം നൂറ്റാണ്ടിൽ എട്ടുനോമ്പാചരണം തുടങ്ങിയെന്നാണ് ബഹു. കുരുക്കൂറച്ചൻ രേഖപ്പെടുത്തിയിരിക്കുന്നത്. അദ്ദേഹം എഴുതുന്നു: "കേരളത്തിൽ ഈ നോമ്പ് 9-ാം നൂറ്റാണ്ടിൽ തുടങ്ങി. അതിനുണ്ടായ പ്രത്യേക കാരണം കച്ചവടത്തിനുവന്ന മുസ്ലീംങ്ങൾ ഒരു കലഹത്തിൽ ക്രൈസ്തവ കേന്ദ്രമായിരുന്ന കൊടുങ്ങല്ലൂർ ആക്രമിക്കുകയും പള്ളി തകർക്കുകയും ക്രൈസ്തവരുടെ അങ്ങാടിക്കും വീടുകൾക്കും തീ വയ്ക്കുകയും ചെയ്തു. ആ ആക്രമണത്തിൽ അക്രമികളിൽനിന്നു രക്ഷപ്പെടാൻ ഇവിടത്തെ കന്യകമാർ എട്ടുനോമ്പ് നോക്കാൻ നേർന്നു. "പട്ടണവും ചുട്ടു നട്ടുച്ചക്കിറങ്ങി. ഇനിയെന്തിനാ മോളേ മുട്ടാക്ക്?" എന്ന്, മുട്ടാക്ക് (മൂടുപടം) പോലും എടുക്കാനൊത്തി

ല്ലല്ലോ എന്ന് ആവലാതിപ്പെട്ട തന്റെ മകളോട് ഒരു വയോവൃദ്ധ അന്നു പറഞ്ഞത് ഒരു ശൈലിയായി ഇന്നും നിലനില്ക്കുന്നു. കൊടുങ്ങല്ലൂരിൽ ക്രൈസ്തവരുടെ പള്ളിയും അങ്ങാടിയും പല നൂറ്റാണ്ടുകളിലും ഇപ്ര കാരമുള്ള മൂന്നു ആക്രമണങ്ങൾക്ക് ഇരയായിട്ടുണ്ടെന്നു ചരിത്രത്തിൽ കാണാം. ഒമ്പതാം നൂറ്റാണ്ടിൽ ഈ ആക്രമണംമൂലം ക്രിസ്ത്യാനികൾ കൊടുങ്ങല്ലൂർവിട്ടു കൊല്ലത്തുചെന്നു. അങ്ങനെ അവിടം ഒരു വ്യാപാര കേന്ദ്രമായിത്തീർന്നു. പില്ക്കാലത്ത് അവിടെയും ആക്രമണ ങ്ങളുണ്ടായി" (ഡോ. കുരുക്കൂർ, pp. 179-180). അങ്ങനെ ഒമ്പതാം നൂറ്റാ ണ്ടിൽ കൊടുങ്ങല്ലൂരിലെ ക്രൈസ്തവർ ആരംഭിച്ച എട്ടുനോമ്പാചരണം കാലക്രമേണ നസ്രാണി സഭ മുഴുവനും ആചരിക്കാൻ തുടങ്ങി. ഇന്നും അതു തുടരുന്നു.

ഇതിൽനിന്നു വ്യത്യസ്തമായി മറ്റൊരു വിവരണം എട്ടുനോമ്പിന്റെ ഉത്ഭ വത്തെക്കുറിച്ചു പറയപ്പെടുന്നുണ്ട്. "കൽദായസഭയിൽ കന്യകകളുടെ നോമ്പ് എന്ന പേരിൽ മൂന്നുദിവസത്തെ ഒരു നോമ്പുണ്ടായിരുന്നു. എട്ടു നോമ്പിനോടു സാദൃശ്യമുള്ളതാണ് ഈ നോമ്പ്. ഏ. ഡി. 1301 -ൽ കൊടുങ്ങല്ലൂരിൽവച്ച് എഴുതിയ ഒരു പള്ളിപഞ്ചാംഗത്തിലും ഈ കന്യ കകളുടെ നോമ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. കന്യകകളുടെ നോമ്പിനെ പ്പറ്റി ലഭിച്ചിട്ടുള്ള പുരാതനമായ വിവരണം ഇപ്രകാരമാണ് : ഏഴാം നൂറ്റാണ്ടിൽ അബ്ദൽ മാലേക് എന്നൊരു അറബി രാജാവ് പേർഷ്യ യുടെ ഭാഗമായിരുന്ന ഹിർത്തപ്രദേശം കീഴടക്കി തന്റെ രാജ്യത്തോടു ചേർത്തു. ആ പ്രദേശത്തെ യുവതികളുടെ സൗന്ദര്യത്തിൽ അദ്ദേഹം ആകൃഷ്ടനായി. അദ്ദേഹത്തിനു കന്യകമാരുടേതായ ഒരു സേവികാ ഗണം ഉണ്ടായിരുന്നു. ആ സേവികാസംഘത്തിൽ ഹിർത്തായിലെ കന്യ കകളെക്കൂടി നിർബന്ധപൂർവ്വം ചേർക്കാൻ അദ്ദേഹം ആജ്ഞാപിച്ചു. ഇതറിഞ്ഞു ഭയപ്പെട്ട ഹിർത്തായിലെ ക്രിസ്ത്യാനികൾ പള്ളിയിൽ പോയി നിരന്തരമായ പ്രാർത്ഥനയിലും കഠിന പ്രായശ്ചിത്തത്തിലും കഴിച്ചുകൂട്ടി. മൂന്നാംദിവസം സ്ഥലത്തെ മെത്രാനു ഒരു വെളിപാടുണ്ടാ യി. കന്യകകളെ അന്വേഷിച്ചുകൊണ്ടിരുന്ന രാജാവ് നിര്യാതനായിരി ക്കുന്നു. ഈ സംഭവത്തിന്റെ ഓർമ്മയ്ക്കായും നന്ദിസൂചകമായും പ്രസ്തുത മെത്രാൻ ജോൺ അസറാക്ക് 'കന്യകകളുടെ നോമ്പ്' സ്ഥാപിക്കുകയും കൽദായയിലെ കന്യകകളെല്ലാം അത് ആചരിക്ക ണമെന്നു കല്പിക്കുകയും ചെയ്തു. പാത്രിയാർക്കീസ് അനനിയേശു വിന്റെ കാലത്താണ് ഈ സംഭവം നടന്നത്" (*ആരാധനക്രമ വിജ്ഞാന കോശം*, p. 186). ഇതിന്റെ പശ്ചാത്തലത്തിൽ കൽദായസഭയിൽ

ആചരിച്ചുവന്ന കന്യകകളുടെ നോമ്പ് കാലക്രമേണ കൽദായസഭയുമായി ബന്ധപ്പെട്ടിരുന്ന കേരളത്തിലെ നസ്രാണിസഭയിലും ആചരിച്ചുതുടങ്ങി എന്നാണ് അഭിമതം.

മുകളിൽ പ്രതിപാദിച്ചിരിക്കുന്ന സംഭവത്തെ മറ്റൊരു ഗ്രന്ഥകാരൻ അവതരിപ്പിച്ചിരിക്കുന്നത് ഇപ്രകാരമാണ്: എട്ടുനോമ്പിനെ ചില പ്രദേശങ്ങളിൽ ബാവൂസ്/ബാവൂസോ നോമ്പ് എന്നു വിശേഷിപ്പിച്ചിരുന്നു. 'ബാവൂസ' എന്ന കൽദായ സുറിയാനി പദത്തിൽനിന്നാണു ബാവൂസോ നോമ്പ് എന്നതിന്റെ ഉത്ഭവം. ഈ വാക്കിന്റെ അർത്ഥം പ്രാർത്ഥന, യാചന, അപേക്ഷ എന്നെല്ലാമാണ്. പ്രാർത്ഥനയോടുകൂടിയ ഉപവാസം എന്നർത്ഥത്തിലും ഇതുപയോഗിക്കും. പടിഞ്ഞാറൻ സുറിയാനിയിൽ എട്ടുനോമ്പിനെ ബാവൂസോ നോമ്പ് എന്നു പറയാറുണ്ട്. ബാവൂസയുടെ ചരിത്രം ഇപ്രകാരമാണ്: "എട്ടാം നൂറ്റാണ്ടിൽ മെസപ്പൊട്ടേമിയായിലെ (ഇന്നത്തെ ഇറാക്ക്) ഹിർത്താ എന്ന നഗരത്തിലാണ് ഇതു തുടങ്ങിയത്. ടൈഗ്രീസിൽ ഹന്നാൻ ഈശോ (685-700) എന്നറിയപ്പെടുന്ന കാതോലിക്കായുടെ കാലത്താണു തുടക്കം. മുസ്ലീങ്ങൾ ക്രൈസ്തവരാജ്യങ്ങളെല്ലാം കീഴടക്കി വരുന്ന കാലമായിരുന്നു അത്. അന്നത്തെ മുസ്ലീം രാജാവായിരുന്ന അബ്ദുൾ മൽക്ക് (685-705) ഹിർത്ത എന്ന പ്രദേശത്തെ സ്ത്രീകൾ സുന്ദരികളാണെന്നറിഞ്ഞ് ആ നാട്ടിലെ വിവാഹപ്രായമുള്ള എല്ലാ കന്യകകളെയും ശേഖരിച്ചു കൊണ്ടുവരാൻ കല്പനയയച്ചു. ഈ കല്പന കേട്ടു ഭീതിപൂണ്ട യുവതികൾ തങ്ങളെ രക്ഷിക്കുന്നതിനുവേണ്ടി കന്യകാമറിയത്തോടു പ്രാർത്ഥിക്കാൻ പള്ളിയിൽ ഓടിക്കൂടി, പ്രാർത്ഥനയിലും ഉപവാസത്തിലും കഴിച്ചുകൂട്ടി. നോമ്പുതുടങ്ങി മൂന്നാംദിവസം യോഹന്നാൻ എന്ന അവിടത്തെ മെത്രാന്, സുവിശേഷം വായിച്ചുകൊണ്ടിരിക്കെ, ഒരു ദർശനമുണ്ടായി. രാജാവ് മരിച്ചു എന്നായിരുന്നു അതിന്റെ സാരം. കുറച്ചുകഴിഞ്ഞ് അതു ശരിയാണെന്ന് അറിയുകയും ചെയ്തു. അക്കാലം മുതൽ കന്യാത്വ സംരക്ഷണത്തിനുവേണ്ടി യുവതികൾ നോമ്പു നോക്കിവന്നു. പില്ക്കാലത്തു വിവിധ ലക്ഷ്യങ്ങൾക്കായി ഈ നോമ്പ് തുടർന്നു" (Cfr. കോനാട്ടു മാത്തൻ കോറെപ്പിസ്ക്കോപ്പ, *മലങ്കര യാക്കോബായ സുറിയാനി ക്രിസ്ത്യാനികളുടെ പ്രാർത്ഥനാക്രമം,* പാമ്പാക്കുട, 1939, പുറം 319-320) (ഡോ. കുരുക്കൂർ, p. 179).

യൂറോപ്യന്മാരുടെ ആഗമനത്തിനും ഉദയംപേരൂർ സൂനഹദോസിനും മുമ്പുതന്നെ എട്ടുനോമ്പും മാതാവിന്റെ പിറവിത്തിരുനാളും നസ്രാണി സമൂഹം ആചരിച്ചിരുന്നുവെന്ന് ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകളിൽനിന്നു മനസ്സിലാക്കാം. ആറാം മൌത്വാ, ആറാം കൂടി

വിജാരം, എട്ടാം കാനോനയിൽ മാതാവിന്റെ പിറവിത്തിരുനാളിനെക്കുറിച്ച് ഇപ്രകാരം പറയുന്നു: *"ധനുവ ഞായറ 8 നു മർത്തമറിയത്തുമ്മാ അന്ന ഉമ്മാടെ വയറ്റിൽ ജനിക്കപ്പെട്ട ദിവസം."* നസ്രാണികൾ ആചരിക്കുന്ന (ആചരിക്കേണ്ടുന്ന) തിരുനാളുകളുടെ ഗണത്തിൽ ഉൾപ്പെടുത്തിയാണ് ഇപ്രകാരം എഴുതിയിരിക്കുന്നത്. തുടർന്നു വരുന്ന ഒൻപതാം കാനോനയിൽ നസ്രാണികൾ അനുഷ്ഠിക്കേണ്ടുന്ന, അനുഷ്ഠിച്ചു വരുന്ന, നോമ്പിന്റെ ദിവസങ്ങളുടെ ലിസ്റ്റിൽ ഇപ്രകാരം എഴുതിയിരിക്കുന്നു: *"കന്നി ഞായറ 7 നു/ 8 നു മർത്തമറിയത്തുമ്മേടെ പെരുനാളിൻെറ നൊയംപ."* പതിനഞ്ചുനോമ്പിനെക്കുറിച്ചു പറയുന്നി ടത്ത്, അതേ കാനോനയിൽ ഇപ്രകാരം പറയുന്നു: *"...എന്നാലും കൽപന ആയിട്ട ഒള്ള നൊയംപ അല്ല. ഇണ്ണം തന്നെ കന്നി ഞായറ്റിൽ എട്ടു നൊയംപ എന്ന ചൊല്ലുന്ന നൊയംപും."* നസ്രാണികൾ ആചരിക്കുന്ന എട്ടുനോമ്പിനെക്കുറിച്ചും മാതാവിന്റെ പിറവിതിരുനാളിന്റെ ആഘോഷത്തെക്കുറിച്ചും സൂചന ലഭിക്കുന്ന ഏറ്റവും പുരാതനമായ രേഖകളാണ് ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ. സൂനഹദോസിന്റെ കാനോനകളിൽ, തിരുനാളുകളുടെയും നോമ്പിന്റെയും ലിസ്റ്റിൽ, എട്ടുനോമ്പിനെക്കുറിച്ചും മാതാവിന്റെ പിറവിതിരുനാളിന്റെ ആഘോഷത്തെക്കുറിച്ചും പരാമർശിക്കുന്നുണ്ടെങ്കിലും റോസിന്റെ നിയമാവലിയിൽ യാതൊരു പരാമർശവും ഇക്കാര്യത്തെക്കുറിച്ചില്ല എന്നതും ശ്രദ്ധേയമാണ്.

1879 -ൽ ലെയൊനാർദ്ദ് മെത്രാപ്പോലീത്ത പ്രസിദ്ധീകരിച്ച *കല്പനകളും നിയമങ്ങളും* എന്ന ഗ്രന്ഥത്തിൽ വരാപ്പുഴവികാരിയാത്തിൽ ഉൾപ്പെട്ട സകലരും (സുറിയാനിക്കാരും ലത്തീൻകാരും) ആചരിക്കേണ്ട കടമുള്ള ദിവസങ്ങളുടെ - തിരുനാളുകളുടെ - ലിസ്റ്റിൽ മാതാവിന്റെ പിറവിതിരുനാളും ചേർത്തിട്ടുണ്ട്. അതിൽ പറയുന്നു: *"കന്നിമാസം 8-നു ശുദ്ധ: ദൈവമാതാവ് പിറന്ന തിരുനാൾ"* (p. 72). സുറിയാനിക്കാർക്കും മാംസവർജ്ജനമുള്ള ദിവസങ്ങളുടെ ലിസ്റ്റിൽ മാതാവിന്റെ പിറവിതിരുനാളിന്റെ തലേനാളും ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ പറയുന്നു: *"ദൈവമാതാവിന്റെ പിറവിയുടെ തലെനാളാകുന്ന കന്നിമാസം 7-നു"* (p. 76). 1904-ൽ മാർ മാക്കീൽ പ്രസിദ്ധീകരിച്ച *ദെക്രെത്തുപുസ്തക*ത്തിലും മേല്പറഞ്ഞ രണ്ടു ദിവസങ്ങളും അതേപ്രകാരം (കന്നി 8 നു പിറവിത്തിരുനാൾ = കടമുള്ള ദിവസം; തലേനാൾ 7 നു മാംസവർജ്ജനം) ആവർത്തിച്ചിട്ടുണ്ട്. ഇതിൽനിന്ന് ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭകാലത്തും തലേനാൾ മാംസവർജ്ജനം നിലവിലുണ്ടായിരുന്നു എന്നു മനസ്സിലാക്കാം.

എട്ടുനോമ്പിനെ ചുറ്റിപ്പറ്റിയുള്ള കഥകൾ എന്തുമാകട്ടെ നസ്രാണി സമൂഹം ഏറെ നൂറ്റാണ്ടുകളായി എട്ടുനോമ്പ് ആചരിച്ചുവരുന്നു. യാക്കോബായ - ഓർത്തഡോക്സ്, സീറോമലബാർ, സീറോമലങ്കര തുടങ്ങിയ ഭൂരിഭാഗം നസ്രാണി സമൂഹങ്ങളും എട്ടുനോമ്പ് ആചരിക്കുന്നവരാണ്. സെപ്തംബർ ഒന്നു മുതൽ എട്ടുവരെയുള്ള നോമ്പും ഉപവാസവും എട്ടാം ദിവസത്തെ മാതാവിന്റെ പിറവിത്തിരുനാൾ ആഘോഷവും കേരളത്തിൽ മാതാവിന്റെ നാമധേയത്തിലുള്ള വളരെയധികം ദേവാലയങ്ങളിലും കൊണ്ടാടുന്നുണ്ട്. ചില സുറിയാനി കത്തോലിക്കാ പള്ളികളിലെ ദർശനത്തിരുനാൾ മാതാവിന്റെ പിറവിത്തിരുനാളാണ്. കേരളത്തിൽ ക്രൈസ്തവസ്ത്രീകൾക്കൊപ്പം പല പ്രദേശങ്ങളിലും ഹൈന്ദവ സ്ത്രീകളും എട്ടുനോമ്പ് നോക്കുകയും പിറവിത്തിരുനാളിൽ സംബന്ധിക്കുകയും ചെയ്തുവരുന്നു.

*മാർ ലൂയിസ് പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച 'നസ്രാണികളുടെ ആചാരാനുഷ്ഠാനങ്ങൾ' എന്ന ഗ്രന്ഥത്തിൽനിന്ന് (പേജ് 379-382)*

---

## Dismissal

As per the communication received from the Superior General of Missionary Congregation of the Blessed Sacrament (MCBS), **Fr. Robin Joseph (Joseph Njavarivaditharayil) MCBS**, from the Infant Jesus Parish, Vadayar in the Archeparchy of Ernakulam-Angamaly, is dismissed from Missionary Congregation of the Blessed Sacrament (MCBS) and prohibited from exercising his priesthood. (Ref. No. 203/G.71 EKM/2023, dated 01 August 2023)

Chancellor
Archeparchy of Ernakulam-Angamaly



# നിര്യാതരായി



## ഫാ. ജോസ് കാരാച്ചിറ

**ജനനം: 23-12-1969**
**തിരുപ്പട്ടം: 29-12-1994**
**മരണം: 30-07-2023**

ബഹുമാനപ്പെട്ട ജോസ് കാരാച്ചിറ അച്ചൻ 1969 ഡിസംബർ 23-ാം തിയതി തണ്ണീർ മുക്കം കാരാച്ചിറ-തൈക്കൂട്ടത്തിൽ ആന്റണി -ഏലിക്കുട്ടി ദമ്പതികളുടെ എഴ് മക്കളിൽ ഒരാളായി ജനിച്ചു. കുഞ്ഞമ്മ, ജോയിച്ചൻ, മേരിക്കുട്ടി, കുഞ്ഞച്ചൻ, കുര്യച്ചൻ, മിനി എന്നിവർ സഹോദരങ്ങളാണ്. പ്രാഥമികവിദ്യാഭ്യാസത്തിനുശേഷം 1984-ൽ എറണാകുളം അതിരൂപതാ മൈനർ സെമിനാരിയിൽ ചേർന്നു. തുടർന്ന് ആലുവ-മംഗലപ്പുഴ സെന്റ് ജോസഫ്സ് സെമിനാരിയിൽ നിന്ന് വൈദികപരിശീലനം പൂർത്തിയാക്കി 1994 ഡിസംബർ 29-ാം തീയതി മാർ ജേക്കബ് മനത്തോടത്ത് പിതാവിൽനിന്ന് തിരുപ്പട്ടം സ്വീകരിച്ചു. അതിരൂപതയിലെ കാഞ്ഞൂർ പള്ളിയിൽ സഹവികാരിയായും ചെത്തിക്കോട്, വല്യാറ, ഉളവൈപ്പ്, കളമ്പാട്ടുപുരം, കിഴക്കുംമുറി, കുന്നപ്പിള്ളിശ്ശേരി, തിരുഹൃദയക്കുന്ന്, ടി.വി.പുരം, ഡൽഹി മിഷൻ, ജർമ്മനി എന്നിവിടങ്ങളിൽ വികാരിയായും, കളമശ്ശേരി, ചെമ്പ് പള്ളികളിൽ റെസിഡന്റ് പ്രീസ്റ്റായും സേവനം ചെയ്തു. പൊങ്ങം നൈപുണ്യ കോളേജിൽ കാമ്പസ് മിനിസ്റ്റർ, കറുകുറ്റി സി.എസ്.എൻ. റിട്രീറ്റ് സെന്ററിൽ സ്പിരിച്വൽ ഡയറക്ടർ എന്നീ നിലകളിലും അച്ചൻ പ്രവർത്തിച്ചിട്ടുണ്ട്. രോഗാവസ്ഥയിലായിരുന്ന ജോസ് അച്ചൻ കുറച്ചു നാളുകളായി ചികിത്സയിലായിരുന്നു. അങ്കമാലി എൽ.എഫ്. ആശുപത്രിയിൽ ചികിത്സയിലിരിക്കെ തന്റെ 53-ാം വയസ്സിൽ, 2023 ജൂലൈ 30-ാം തീയതി, ഞായറാഴ്ച, നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

ബഹുമാനപ്പെട്ട ജോസ് കാരാച്ചിറ അച്ചന്റെ മൃതദേഹം 2023 ജൂലൈ 31-ാം തീയതി രാവിലെ 7.30 മുതൽ 8.00 മണിവരെ പൊങ്ങം നൈപുണ്യ കോളേജിൽ പൊതുദർശനത്തിന് വച്ചു. അതിനുശേഷം 10.00 മണി

മുതൽ ഉച്ചയ്ക്ക് 12.45 വരെ തണ്ണീർമുക്കത്തുള്ള സഹോദരൻ കാരാച്ചിറ-തൈക്കൂട്ടത്തിൽ ജോയിച്ചന്റെ വസതിയിലും തുടർന്ന് തണ്ണീർമുക്കം തിരുരക്ത പള്ളിയിലും പൊതുദർശനത്തിനു വച്ചു. ഉച്ചകഴിഞ്ഞ് 2.30-ന് വിശുദ്ധ കുർബാനയോടുകൂടി മൃതദേഹസംസ്കാരകർമ്മങ്ങളുടെ മൂന്നാം ഭാഗം ആരംഭിച്ചു. മുട്ടം (ചേർത്തല) ഫൊറോനാ പള്ളി വികാരി പെരിയ ബഹുമാനപ്പെട്ട ആന്റോ ചേരാംന്തുരുത്തി അച്ചനാണ് വിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചത്. അതിരൂപതയുടെ പ്രോട്ടോ സിഞ്ചെല്ലൂസ് പെരിയ ബഹുമാനപ്പെട്ട മോൺ. വർഗീസ് പൊട്ടക്കൽ, ജോസ് അച്ചന്റെ കുടുംബാംഗങ്ങളായ ബഹുമാനപ്പെട്ട ഫാ. ജോമോൻ തൈക്കൂട്ടത്തിൽ RCJ, ഫാ. പോൾ കാരാച്ചിറ, ബാച്ചുകാരായ ഫാ. പോൾ കൈപ്രമ്പാടൻ, ഫാ. പോൾ കൈത്തോട്ടുങ്കൽ, ഫാ. തോമസ് കണ്ടത്തിൽ, ഫാ. പോൾ മാടശ്ശേരി (Sr.), ഫാ. നിക്ലാവോസ് മണിപ്പറമ്പിൽ, ഫാ. ജോസ് പൊള്ളയിൽ എന്നിവരാണ് മദ്ബഹയിൽ സഹകാർമ്മികരായത്.

മോൺ. വർഗീസ് പൊട്ടയ്ക്കൽ അച്ചൻ ആമുഖ സന്ദേശം നൽകി. ബഹുമാനപ്പെട്ട പോൾ കൈത്തോട്ടുങ്കൽ അച്ചനാണ് വിശുദ്ധ കുർബാനമദ്ധ്യേ വചനസന്ദേശം നൽകിയത്. 1984 ജൂൺ മാസം 17-ാം തീയതി 42 പേർ ഒരുമിച്ച്, പൗരോഹിത്യപരിശീലനത്തിലേക്ക് പ്രവേശിച്ചത് കൈത്തോട്ടുങ്കൽ അച്ചൻ ഓർമ്മിച്ചു. മനോഹരമായ സൗഹൃദത്തിന്റെ ഉടമയും, സുന്ദരമായ തന്റെ പുഞ്ചിരികൊണ്ട് എല്ലാവരേയും ചേർത്ത് നിർത്തിയ വ്യക്തിത്വവുമാണ് ജോസ് കാരാച്ചിറ അച്ചന്റേത്. സസൂക്ഷ്മം പഠിക്കേണ്ട ഒരു പാഠപുസ്തകമാണ് ജോസച്ചന്റെ ജീവിതം.

മരണത്തിന് കീഴ്പ്പെട്ട ഒരു മനുഷ്യൻ അല്ല, മറിച്ച് മരണത്തെ പുൽകിയവനാണ് ജോസച്ചൻ. പൗലോസ് ശ്ലീഹാ പറയുന്നതുപോലെ മരണത്തിന്റ ദംശനത്തെ പരാജയപ്പെടുത്തിയ ഒരു മനുഷ്യൻ. ജോസ് അച്ചൻ രോഗിയായിരുന്നപ്പോൾ ഒരു പരിഭവവും ഒന്നിനെക്കുറിച്ചും അച്ചനുണ്ടായിരുന്നില്ല. തനിക്ക് ഒത്തിരിയേറെ രോഗങ്ങൾ ഉണ്ടെന്ന് അച്ചനറിയാമായിരുന്നു. “എന്റെ ശരീരത്തിൽ ‘ക’ എന്നയക്ഷരത്തിൽ തുടങ്ങുന്ന എല്ലാ അവയവങ്ങളും രോഗ്രസ്തമാണ്’ എന്ന് ജോസച്ചൻ ആശുപത്രിയിൽ വരുന്നവരോട് പറയാറുണ്ടായിരുന്നു. കണ്ണും, കരളും, കാലുകളും, കിഡ്നിയുമൊക്കെ രോഗഗ്രസ്തമായിരുന്നു. ഇതൊക്കെയാണെങ്കിലും തന്റെ സഹനത്തെ ഏറ്റെടുത്ത വൈദികനായിരുന്നു ജോസച്ചൻ.

അവയവമാറ്റ ശസ്ത്രക്രിയ അച്ചന്റെ മുന്നിൽ വച്ചപ്പോൾ, 'അസാധാരണമായി ഒന്നിനും നമ്മൾ പോകേണ്ട' എന്ന മറുപടിയാണ് ജോസച്ചൻ പറഞ്ഞത്. രോഗം അച്ചനെ കീഴ്പ്പെടുത്തുമ്പോഴും ആ രോഗത്തിന് അതീതായി ജീവിക്കണം എന്ന് കൊതിയുള്ള മനുഷ്യനായിരുന്നു ജോസച്ചൻ. രോഗാവസ്ഥയിൽ സംസാരിക്കാൻപോലും ബുദ്ധിമുട്ടുള്ള സമയത്ത് വിശുദ്ധ കുർബാന അർപ്പിക്കാൻ ഒരവസരം കിട്ടിയാൽ എല്ലാവരുടെയും ഹൃദയത്തിൽ സ്പർശിക്കുന്ന രീതിയിൽ ബലിയർപ്പിക്കാൻ ജോസച്ചന് സാധിച്ചു.

വചനപ്രഘോഷണത്തിന്റെ വേദിയിൽ സുന്ദരമായി വചനം പങ്കുവയ്ക്കാൻ ജോസച്ചൻ ശ്രമിച്ചിരുന്നു. നിഷ്കപടനായ, എല്ലാവരോടും പുഞ്ചിരിയോടെ മാത്രം ഇടപഴകുന്ന, കർത്താവിന്റെ പൗരോഹിത്യം ജീവിച്ച് കടന്നുപോകുന്ന ഒരു പുരോഹിതനാണ് ജോസച്ചൻ. ജീവിതത്തിൽ ഒരു മാതൃത്വത്തിന്റെ സ്നേഹവാത്സല്യം എപ്പോഴും കൊണ്ടുനടന്നിരുന്നു. കടന്നുവരുന്നവർക്കൊക്കെ, തൂക്കി നോക്കാതെ, അമർത്തിക്കുലുക്കി മടിയിലേക്ക് ഇട്ടുകൊടുക്കുന്ന സ്നേഹത്തിന്റെ ഒരു മനസ്സ് ജോസച്ചനുണ്ടായിരുന്നു. എല്ലാവർക്കും വേണ്ടി ഉള്ളത് പങ്കുവയ്ക്കുവാൻ നിസ്വാർത്ഥതയുടെ വ്യക്തിത്വമായി ജോസച്ചൻ മാറി.

ജോസച്ചൻ വല്യാറ-ഉളവയ്പ് പള്ളികളുടെ വികാരിയായിരുന്നപ്പോൾ ആ നാട്ടുകാർക്കുവേണ്ടി, അവരോടുകൂടി ചേർന്ന് തെങ്ങ് വെട്ടി ഒരു പാലം പണിത സംഭവമുണ്ട്. ഇന്നും ആ പാലം 'കാരാച്ചിറ പാലം' എന്നാണ് അവിടെ അറിയപ്പെടുന്നത്.

എല്ലാവരേയും ചേർത്ത് നിർത്തുമ്പോഴും നിലപാടുകളുടെ ഒരു മനുഷ്യനായിരുന്നു ജോസച്ചൻ. തന്റെ ബോധ്യങ്ങൾ പങ്കുവച്ചതിന്റെ പേരിൽ ജീവിതത്തിലെ ബന്ധങ്ങളിൽ ഒരുപാട് സംഘർഷങ്ങൾ അച്ചന് നേരിടേണ്ടതായി വന്നിട്ടുണ്ട്. പഴയനിയമത്തിലെ ജോബ്-നെപ്പോലെ ശരീരത്തിലെ വേദനകളെല്ലാം സ്വയം ഏറ്റെടുത്തവനാണ് ജോസച്ചൻ. അച്ചന്റെ ജീവിതത്തിൽനിന്നും ഒരുപാട് വായിച്ചെടുക്കാനും, പഠിക്കാനും ഉണ്ട്.

ജോസച്ചന്റെ ജീവിതം നമ്മോട് പറയുന്നത് സഹനം ഒന്നിന്റെയും അവസാനമല്ല. മറിച്ച്, ഒരു ആരംഭം മാത്രമാണെന്നാണ്. സഹനത്തിലൂടെ രക്ഷപ്രാപിക്കണമെങ്കിൽ, സഹനത്തിന്റെ മൂല്യം അറിയണമെങ്കിൽ, ദൈവം തന്റെ കാഴ്ച നമ്മുടെ കണ്ണുകളിൽ നിക്ഷേപിക്കണം. അപ്പോൾ

നമുക്ക് ദൈവം കാണുന്നതുപോലെ കാണാൻ സാധിക്കും. നിത്യത യുടെ പശ്ചാത്തലത്തിൽ ഈ സഹനങ്ങളെ കാണുമ്പോൾ ഇവ ഒന്നു മല്ല എന്ന് തിരിച്ചറിയാൻ സാധിക്കും. അങ്ങനെ സഹനത്തിലൂടെ ഉണ്ടാ കുന്ന സ്വർഗീയ സന്തോഷം തിരിച്ചറിയാൻ സാധിക്കും. ജോസ് അച്ചൻ എന്ന പാഠപുസ്തകം നമ്മെ പഠിപ്പിച്ചതും ഇതാണ്. സഹനങ്ങൾ സ്വീക രിച്ചുകൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവാൻ ജോസച്ചന്റെ ജീവിതം നമുക്ക് മാതൃകയാകട്ടെ.

തന്റെ മൃതദേഹസംസ്കാരശുശ്രൂഷയ്ക്കിടയിൽ വായിക്കണം എന്നു നിർദ്ദേശിച്ചുകൊണ്ട് ജോസച്ചൻ തന്റെ വില്പത്രത്തിൽ രേഖപ്പെടു ത്തിയിട്ടുള്ളത് (താഴെചേർത്തിട്ടുള്ളത്) പള്ളിയിൽ വായിച്ചു.

> ഞാൻ ജോസച്ചൻ... സ്വർഗ്ഗത്തിലേക്കുള്ള യാത്ര... അത് മാറ്റി വയ്ക്കാനോ, നീക്കി വയ്ക്കാനോ ആകാത്തതിനാൽ... ഞാൻ യാത്രയായേ മതിയാകൂ... ആയതിനാൽ, വിടചൊല്ലിടട്ടെ ഞാൻ... യാത്രാമൊഴി ചൊല്ലിടട്ടെ ഞാൻ... എന്റെ പൊന്നു തമ്പുരാൻ എനിക്കായ് ഒരുക്കിയ സ്വർഗ്ഗലോകത്തിലേക്ക്... ഈശോയുടെ ഒരു പുരോഹിതന്റെ പ്രൗഢിയോടെയും, എന്നാൽ, എളിമയോടെയുമാണ് ഞാൻ യാത്രയാകുന്നത്... ഞാൻ അറിയാതെ ഓർത്തുപോവുകയാണ്. “അഹോ ഞാൻ എത്ര ഭാഗ്യവാൻ...” ഈശോയുടെ ഒരു പുരോഹിതനാവുക എത്രയോ ഭാഗ്യമുള്ളത്.... ഞാൻ അർപ്പിച്ച വിശുദ്ധ കുർബാ നകളും, കൂദാശാനുഷ്ഠാനങ്ങളും എല്ലാംതന്നെ, എന്റെ ഈശോയുടെ പകരക്കാരനായി നിന്നുകൊണ്ടായിരുന്നു. ഞാൻ ആശീർവദിക്കാൻ കൈകൾ ഉയർത്തിയതേയുള്ളൂ... അവിടുന്നാണ് ആശീർവദിച്ചത്. അവിടുന്നാണ് അനുഗ്രഹി ച്ചത്. ഞാൻ ഒരു പകരക്കാരൻ മാത്രം. ഈശോയ്ക്കു പകരം ഞാനും, എനിക്കു പകരം എന്റെ പൊന്നുതമ്പുരാനും. ഇനി ഞാൻ ആ തമ്പുരാനിൽ വിലയം പ്രാപിക്കട്ടെ.
>
> എണ്ണിയാൽ തീരാത്ത നന്മകൾ, കൃപകൾ സ്വീകരിച്ചു ഞാൻ. എന്നാൽ, എന്റെ ചാപല്യവും, കുതന്ത്രവും, ബലഹീനത യുമെല്ലാം തമ്പുരാൻ മറന്നു കളഞ്ഞു. എന്നിട്ട്, ആ തമ്പുരാൻ

എന്റെ കാതിൽ മന്ത്രിച്ചു "സാരമില്ലടോ... ജോസ് സുഹൃത്തേ എന്ന്."

എന്റെ കർത്താവിന്റെ ഉയിർത്തെഴുന്നേൽപ് എന്ന ആത്യന്തികാത്ഭുതം, നിത്യജീവനിലേക്കു പ്രവേശിക്കുവാൻ എന്നെ നിർബന്ധിക്കുന്നു. ഇരുട്ടിൽനിന്ന് അപ്രതീക്ഷിതമായി നമ്മുടെ ജീവിതത്തിലേക്ക്, ക്ഷണിക്കാത്ത ഒരു വിരുന്നുകാരനെപ്പോലെ കടന്നുവരാനിടയുള്ള മരണമെന്ന വേർപിരിയലിനെ ഭയമില്ലാതെ സ്വീകരിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്ന ഉയിർപ്പ് എന്ന ആ സാധ്യതയ്ക്കുമുന്നിൽ പ്രണമിക്കുന്നു ഞാൻ.

വിശുദ്ധ പൗലോസ് ശ്ലീഹയോടൊപ്പം എനിക്കും ചോദിക്കാനാകും "മരണമേ നിന്റെ വിജയമെവിടെ?"

എന്റെ ചേതനയറ്റ ശരീരത്തെ നിങ്ങൾ ഓരോരുത്തരും വന്ന് നോക്കി കാണുമ്പോൾ ഞാൻ നിങ്ങളോട് മന്ത്രിക്കുന്നത് എന്താണെന്നോ... "നിങ്ങൾ നമ്മുടെ പൊന്നുതമ്പുരാനെ കൈവിടാതെ, കൈ പിടിയിലൊതുക്കി ജീവിക്കണം." പിന്നെ, ആ തമ്പുരാൻ മുന്നിൽനിന്ന് നയിച്ചുകൊള്ളും... പൊന്നുപോലെ കരുതി വഴി നടത്തും.

ഞാൻ നിങ്ങളിൽനിന്ന് യാത്രയാവുമ്പോൾ, നിങ്ങളുടെ മനസ്സിൽനിന്ന് ഞാൻ മായുന്നില്ല. ഭൂമിയിലെ സ്നേഹത്തിന്റെ സ്വർഗവസന്തങ്ങളെ മാറോടണച്ച് പിടിക്കാൻ ഞാൻ ഇനിയും ആഗ്രഹിച്ചു പോവുന്നു. എനിക്കത് സാധിക്കില്ലാ എന്നറിയാം. എങ്കിലും, എന്നെ ഇനിയുള്ള ലോകത്ത് എനിക്ക് പ്രകാശം തരാൻ ആ പ്രാർത്ഥനകൾക്ക് മാത്രമേ ഇനി സാധിക്കൂ. കാലം മായ്ക്കാത്ത മറിവുകളില്ലല്ലോ. എനിക്ക് ആരോടും പരിഭവമില്ലാ... എന്റെ സഹോദരങ്ങളോട്, കൂടെപ്പിറപ്പുങ്ങളോട്, എല്ലാവരോടും സ്നേഹം മാത്രം. പരിഭവമായ് തോന്നിയെങ്കിൽ മാപ്പ്.

ഓരോ ദിനങ്ങളും കൊഴിഞ്ഞുവീഴുമ്പോൾ നിങ്ങളുടെയൊക്കെ ഉള്ളിൽ ഞാൻ വെറും ഒരു ഓർമ്മയായി മാറും...

എല്ലാം ഇനി ഓർമ്മകൾ മാത്രമായിരിക്കുമല്ലേ...? പക്ഷേ, സാരമില്ല, അത് പ്രാർത്ഥനയോടെയുള്ള ഓർമ്മകളാകണേ എന്ന് ഞാൻ ആഗ്രഹിക്കുന്നു. നിങ്ങളുടെ ഓർമ്മകളിൽ ഞാൻ വീണ്ടും വരും... ഒരു കൊച്ചുമിന്നാമിനുങ്ങായി... ഒരു ചെറുകാറ്റായ്... ഒരു കൊച്ചു പൂവായ്... ഒരു നക്ഷത്രമായ്... നിങ്ങളുടെ മുന്നിലേക്ക്... നിങ്ങളുടെ ഓർമ്മകളുടെ ജാലകത്തിലൂടെ ഞാൻ വരും. നിങ്ങളോടൊപ്പമുള്ള യാത്ര പാതി വഴിയിൽ അവസാനിപ്പിച്ച് എനിക്ക് തിരിച്ചുപോരേണ്ടിവന്നു. എന്റെ പൊന്നുതമ്പുരാന്റെ അടുത്തേയ്ക്ക്. എങ്കിലും മരിക്കാത്ത നിങ്ങളുടെയൊക്കെ ഓർമ്മകളിൽ ഞാനുണ്ടാവും. "ഓർക്കുമ്പോൾ പ്രാർത്ഥിക്കണേ..., പ്രാർത്ഥിക്കുമ്പോൾ ഓർക്കണേ..." നന്ദിയോടെ ജോസച്ചൻ.

മൃതദേഹസംസ്കാരശുശ്രൂഷയുടെ അവസാനഭാഗത്ത് മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു. അതിരൂപതാ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്ത് പിതാവും, മാർ ജേക്കബ് മനത്തോടത്ത് പിതാവും, മാർ തോമസ് ചക്യത്ത് പിതാവും സഹകാർമ്മികരായിരുന്നു. തന്റെ പൗരോഹിത്യശുശ്രൂഷയിൽ ആരോഗ്യപ്രശ്നങ്ങളൊക്കെ തരണം ചെയ്യാൻ ആഴമേറിയ വിശ്വാസം ജോസച്ചനെ സഹായിച്ചിരുന്നുവെന്ന് കർദിനാൾ പിതാവ് ഓർമ്മിപ്പിച്ചു.

എപ്പോഴും പുഞ്ചിരിക്കുന്ന മുഖവും, ആത്മാർത്ഥമായ സ്നേഹവും പ്രകടിപ്പിച്ച, സഹനത്തെ സുഹൃത്തായിക്കണ്ട് സ്വീകരിച്ച് അതിലൂടെ ആത്മീയ സന്തോഷം കണ്ടെത്തിയ ബഹുമാനപ്പെട്ട ജോസ് കാരാച്ചിറ അച്ചന് എറണാകുളം-അങ്കമാലി അതിരൂപതയുടെ ആദരാഞ്ജലികൾ!!!

●



**സി. മരിയ കനികെല്ലി SJSM**
സാൻജോ ഭവൻ, വേങ്ങൂർ
ജനനം : 30-05-1985
വ്രതവാഗ്ദാനം : 02-01-1910
മരണം : 23-08-2023



**സി. അലക്സിയ CMC**
സെന്റ് ട്രീസാസ് കോൺവെന്റ്, കൂനമ്മാവ്
ജനനം : 26-01-1935
വ്രതവാഗ്ദാനം : 02-05-1959
മരണം : 23-08-2023



**സി. എൽജിയ CMC**
സെന്റ് ജോസഫ്സ് കോൺവെന്റ്, തൃപ്പൂണിത്തുറ
ജനനം : 24-04-1933
വ്രതവാഗ്ദാനം : 02-02-1956
മരണം : 16-08-2023



**സി. ബ്രിജിറ്റ് CMC**
ഇൻഫന്റ് ജീസസ് കോൺവെന്റ്, പറവൂർ
ജനനം : 21-04-1937
വ്രതവാഗ്ദാനം : 01-05-1958
മരണം : 10-08-2023



**സി. റീന ഇടശ്ശേരി CPS**
പ്രേഷിതാരാം കോൺവെന്റ്, കാലടി
ജനനം : 02-08-1956
വ്രതവാഗ്ദാനം : 04-01-1988
മരണം : 20-08-2023



**സി. പ്രസന്ന CSN**

സിസ്റ്റേഴ്സ് ഓഫ് നസ്രത്ത്, പാദുവാപുരം

ജനനം : 23-07-1945

വ്രതവാഗ്ദാനം : 31-05-1971

മരണം : 05-08-2023



**സി. ജെയിൻ SABS**

എസ്.എച്ച്. അഡോറേഷൻ കോൺവെന്റ്, കൊരട്ടി

ജനനം : 03-08-1932

വ്രതവാഗ്ദാനം : 10-01-1954

മരണം : 04-08-2023



**സി. മർത്തീന FCC**

എസ്.എച്ച്. പ്രൊവിൻസ്, എറണാകുളം

ജനനം : 02-02-1929

വ്രതവാഗ്ദാനം : 15-05-1953

മരണം : 30-07-2023



**സി. കരോലിന FCC**

എസ്.എച്ച്. പ്രൊവിൻസ്, എറണാകുളം

ജനനം : 04-10-1941

വ്രതവാഗ്ദാനം : 07-05-1963

മരണം : 30-06-2023

# വാർത്തകളും വിശേഷങ്ങളും

## ഫാ. മാത്യു നെല്ലിക്കുന്നേൽ സി.എസ്.റ്റി. ഗോരഖ്പൂർ രൂപതയുടെ നിയുക്ത മെത്രാൻ

ഉത്തർപ്രദേശിലെ സീറോമലബാർ ഗോരഖ്പുർ രൂപതയുടെ പുതിയ അധ്യക്ഷനായി ഫാ. മാത്യു നെല്ലിക്കുന്നേൽ സി.എസ്.റ്റി. നിയമിതനായി. മാർ തോമസ് തുരുത്തിമറ്റം 75 വയസ്സ് പൂർത്തിയായി സ്ഥാനമൊഴിയുന്ന സാഹചര്യത്തിലാണ് പുതിയ നിയമനം. ഇടുക്കി രൂപതയിലെ മരിയാപുരം ആണ് സ്വദേശം. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം സി.എസ്.റ്റി. സന്യാസസമൂഹത്തിന്റെ പഞ്ചാബ്-രാജസ്ഥാൻ പ്രൊവിൻസിൽ വൈദികാർത്ഥിയായി ചേരുകയായിരുന്നു. 1998-ൽ പൗരോഹിത്യം സ്വീകരിച്ചു. പിന്നീട്, റോമിലെ അഞ്ജലിക്കും യൂണിവേഴ്സിറ്റിയിൽ നിന്നു തത്വശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടി. 2015 മുതൽ 2018 വരെ സി.എസ്.റ്റി. സഭയുടെ പഞ്ചാബ്-രാജസ്ഥാൻ പ്രൊവിൻഷ്യാളായി പ്രവർത്തിച്ചു. 2018 മുതൽ ആലുവ ലിറ്റിൽ ഫ്ളവർ മേജർ സെമിനാരിയുടെ റെക്ടറായി പ്രവർത്തിച്ചു വരികയായിരുന്നു. ഇടുക്കി രൂപതാധ്യക്ഷനായ മാർ ജോൺ നെല്ലിക്കുന്നേൽ സഹോദരനാണ്.

## ദിവ്യകാരുണ്യ കോൺഗ്രസ്സ് - കേരള സഭാനവീകരണം

2023 ഡിസംബർ മാസം നടത്താൻ നിശ്ചയിച്ചിരുന്ന ദിവ്യകാരുണ്യ കോൺഗ്രസ്സ് കൂടുതൽ ഒരുക്കത്തോടെ മറ്റൊരവസരത്തിൽ നടത്താം എന്ന് കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ അറിയിച്ചു. ഡിസംബർ 1, 2, 3 തീയതികളിലായി രൂപതകളിൽ ദിവ്യകാരുണ്യ സംഗമങ്ങൾ നടത്തുന്നതിനും അതിനൊരുക്കമായി ഇടവകകളിലും ഫൊറോനാ തലങ്ങളിലും ദിവ്യകാരുണ്യ ആരാധനയും പ്രബോധനങ്ങളും ക്രമീകരിച്ച് ദൈവജനത്തെ സജ്ജമാക്കാനും ആഹ്വാനം ചെയ്തിട്ടുണ്ട്. രൂപതാ-ഇടവക തലങ്ങളിൽ ഇപ്പോൾ സംഘടിപ്പിച്ചുകൊണ്ടിരിക്കുന്ന സെമിനാറുകളും ആരാധനയും കൂടുതൽ സജീവമാക്കുവാനും പിതാവ് ആവശ്യപ്പെട്ടിട്ടുണ്ട്.

# AICO
## (Archdiocesan Institutions' Central Office)

**ബോർഡ് മീറ്റിംഗ്**

ഓഗസ്റ്റ് 03 1) സഹൃദയ വെസ്കോ ക്രെഡിറ്റ്, എറണാകുളം
2) ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ, അങ്കമാലി

ഓഗസ്റ്റ് 18 മാർ ലൂയിസ് ബുക്ക് സെന്റർ, എറണാകുളം

**സൈറ്റ്/കൺസ്ട്രക്ഷൻ കമ്മിറ്റി മീറ്റിംഗ് & സൈറ്റ് വിസിറ്റ്**

ജൂലൈ 27 മദർ തെരേസ ഹോസ്റ്റൽ, തുതിയൂർ

ജൂലൈ 28 1) ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ, അങ്കമാലി
2) നൈപുണ്യ കോളേജ്, പൊങ്ങം

ജൂലൈ 31 ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി

ഓഗസ്റ്റ് 04 ഭാരത മാതാ കോളേജ്, തൃക്കാക്കര

ഓഗസ്റ്റ്09 ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ, അങ്കമാലി

ഓഗസ്റ്റ് 10 ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി

ഓഗസ്റ്റ്17 1) നൈപുണ്യ പബ്ലിക് സ്കൂൾ, കൊച്ചി
2) ഭാരത മാതാ കോളേജ്, തൃക്കാക്കര

ഓഗസ്റ്റ് 18 മദർ തെരേസ ഹോസ്റ്റൽ, തുതിയൂർ

ഓഗസ്റ്റ് 22 ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി

ഓഗസ്റ്റ് 23 നൈപുണ്യ കോളേജ്, പൊങ്ങം

ഓഗസ്റ്റ് 24 മദർ തെരേസ ഹോസ്റ്റൽ, തുതിയൂർ

**ഫാ. വർഗീസ് പൊട്ടയ്ക്കൽ**
**പ്രോട്ടോ സിഞ്ചെല്ലൂസ്**

# വിശ്വാസപരിശീലനകേന്ദ്രം

## വിശ്വാസപരിശീലനം: ഒന്നാം സെമസ്റ്റർ പരീക്ഷ: 2023 ഒക്ടോബർ 08 ഞായർ

I. **ഒന്നാം സെമസ്റ്റർ പരീക്ഷ:** പരീക്ഷാസംബന്ധമായ കാര്യങ്ങൾ വ്യക്തമായി അറിയുവാനും മനസ്സിലാക്കുവാനും വചനദീപം പേജ് 30 മുതൽ 48 വരെ കാണുക.

1. വിശ്വാസപരിശീലനത്തിന്റെ ഒന്നാം സെമസ്റ്റർ പരീക്ഷ ഒക്ടോബർ 08 ഞായറാഴ്ചയാണ്. പാഠഭാഗങ്ങൾ ഹൃദ്യസ്ഥമാക്കാനും, അർഹിക്കുന്ന ഗൗരവത്തോടെ പരീക്ഷയ്ക്ക് ഒരുങ്ങുവാനും കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

2. ഒക്ടോബർ 7-ന് ഫൊറോന കേന്ദ്രത്തിൽനിന്ന് ചോദ്യപേപ്പറുകൾ ലഭിക്കും. ചോദ്യപേപ്പറുകൾ വാങ്ങുമ്പോഴും, ഉത്തരക്കടലാസുകളും, സ്കോളർഷിപ്പ് പേപ്പറുകളും തിരികെ ഏൽപിക്കുമ്പോഴും ഫൊറോന സെക്രട്ടറിയുടെ പക്കലുള്ള രേഖയിൽ ഒപ്പിടേണ്ടതാണ്.

3. പരീക്ഷയുടെ സമയം രാവിലെ 10.30 മുതൽ 12.30 വരെയാണ്. പരീക്ഷ ആരംഭിക്കുന്നതും അവസാനിക്കുന്നതും കൃത്യസമയത്തുതന്നെയായിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സെമസ്റ്റർ പരീക്ഷകൾ സ്കോളർഷിപ്പു പരീക്ഷയായിക്കൂടി കണക്കാക്കുന്നതിനെക്കുറിച്ച് അറിയാമല്ലോ. പരീക്ഷയുടെ സമയക്രമത്തിൽ ചില ഇളവുകൾ ദുരുപയോഗത്തിന് ഇടനൽകിയിട്ടുള്ളതിനാൽ, മറ്റു സമയങ്ങളിൽ ക്ലാസ്സ് നടത്തുന്നവരും പരീക്ഷാ ദിവസം രാവിലെ 10.30 മുതൽ 12.30 വരെ എന്നുള്ള സമയക്രമം നിർബന്ധമായി പാലിക്കണം. അങ്ങനെ സമയക്രമം തെറ്റിച്ച് പരീക്ഷ നടത്തുന്ന യൂണിറ്റുകളിൽനിന്നു സ്കോളർഷിപ്പിനുള്ള ഉത്തരക്കടലാസുകൾ ഫൊറോനാ കേന്ദ്രത്തിൽ നൽകുവാൻ പാടില്ല, അവർക്ക് സ്കോളർഷിപ്പിന് അർഹതയുണ്ടാകില്ല.

4. **പരീക്ഷയുടെ സിലബസ്:** വചനദീപം, പേജ് 46: 11, 12 ക്ലാസ്സുകൾ, പേജ് 39: 10 ക്ലാസ്സ്, പേജ് 34-35: 4 മുതൽ 9 വരെയുള്ള ക്ലാസ്സുകൾ, പേജ് 33: 1, 2, 3 ക്ലാസ്സുകൾ. ലോഗോയിൽനിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും.

5. 1, 2, 3 ക്ലാസ്സുകളിലേക്കുള്ള മാതൃക ചോദ്യപേപ്പർ സെപ്റ്റംബർ 27 ശനിയാഴ്ച മുതൽ കാറ്റികോർ പ്പിൽ ലഭ്യമാണ്. അതിൽനിന്നും ആവശ്യമായ ചോദ്യങ്ങൾ സെലക്റ്റ് ചെയ്തു പരീക്ഷ നടത്തുമല്ലോ.

6. ചോദ്യക്കടലാസുകൾക്ക് എണ്ണത്തിൽ കുറവോ മറ്റോ ഉണ്ടെങ്കിൽ പരീക്ഷാദിവസം (08/10/2023) രാവിലെ 10.30ന് കാറ്റികോർപ്പ് പാരീഷ് ലോഗിൻ ചെയ്ത് Notifications & Uploads-ൽ നിന്നും ഡൗലോഡ് ചെയ്ത് എടുക്കാവുന്നതാണ്. രാവിലെ 10.30 മുതലാണ് ചോദ്യക്കടലാസുകൾ ലഭ്യമാകുന്നത്.

7. പരീക്ഷ എഴുതുന്ന 4 മുതൽ 9 വരെയുള്ള ക്ലാസ്സുകളിൽ കുട്ടിയുടെ വീട്ടുപേര്, പിതാവിന്റെ പേര്, കുട്ടിയുടെ പേര്, ക്ലാസ്സ്, ഇടവക എന്നിവ ഉത്തരക്കടലാസിന്റെ മുകളിൽ രേഖപ്പെടുത്തുവാൻ കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

8. 10 & 12 ക്ലാസ്സുകളിലെ കുട്ടികളുടെ ഉത്തരക്കടലാസ് പരിശോധന, മൂല്യനിർണ്ണയം നടത്തിയ ഉത്തരക്കടലാസുകൾ വേർതിരിച്ചു നൽകേണ്ടവിധം, A+ Grade & സ്കോളർഷിപ്പ്, ഉത്തരക്കടലാസ് പുന:പരിശോധന എന്നിവയെപ്പറ്റി അറിയാൻ വചനദീപം പേജ് 41-42 വായിച്ചു മനസ്സിലാക്കുമല്ലോ.

9. 10 & 12 ക്ലാസ്സുകളിലെ കുട്ടികൾക്കുള്ള ഉത്തരക്കടലാസ് അതിരൂപതകേന്ദ്രത്തിൽ നിന്നും നൽകുന്നതാണ്. കഴിഞ്ഞ വർഷം ചെയ്തതുപോലെ 11-ാം ക്ലാസ്സിലെ പരീക്ഷയ്ക്ക് അതത് യൂണിറ്റുകളുടെ സീലോടുകൂടിയ പേപ്പറുകൾ ഉപയോഗിക്കുക. 10, 12 ക്ലാസ്സുകളിലെ കുട്ടികളുടെ ഉത്തരക്കടലാസിൽ പൂർണ്ണമായ രജിസ്റ്റർ നമ്പർ വ്യക്തമായി എഴുതിയിരിക്കണം.

10. ഇന്റേണൽ അസസ്സ്മെന്റ് മാർക്കുകൾ: 10, 12 ക്ലാസ്സുകളിലെയും 4 മുതൽ 9 വരെയുള്ള ക്ലാസ്സുകളിലെയും 11-ാം ക്ലാസ്സിലെയും ഇന്റേണൽ അസസ്സ്മെന്റ് മാർക്കുകൾ ഓലൈനിൽ രേഖപ്പെടുത്തേണ്ട അവസാന തീയതി ഒക്ടോബർ 22-ാം തീയതിയാ

ണെന്ന കാര്യം പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. (*വചനദീപം*, പേജ് 67 നോക്കുക).

**II.** **മൂല്യനിർണ്ണയം:** 1) 4 മുതലുള്ള ക്ലാസ്സുകളിലെ Answer Key പരീക്ഷാദിവസം (08/10/2023) ഉച്ചകഴിഞ്ഞ് 1.00 മണിക്ക് കാറ്റികോർപ്പ് പാരീഷ് ലോഗിൻ ചെയ്ത് Notifications & Uploads -ൽ നിന്നും ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്.

2) 4 മുതൽ 9 വരെയും 11-ാം ക്ലാസ്സിലെയും ഉത്തരക്കടലാസുകൾ പരിശോധിച്ച് 80 ശതമാനമോ (ഇന്റേണൽ അസസ്സ്മെന്റ് കൂടാതെ 4 മുതൽ 9-ാം ക്ലാസ്സ് വരെ: 35-ൽ 28 ഉം, 11-ാം ക്ലാസ്സിൽ: 40-ൽ 32 മാർക്കും) അതിൽ കൂടുതലോ മാർക്കുള്ള ഉത്തരക്കടലാസുകളും അവരുടെ മാത്രം മാർക്ക് ലിസ്റ്റും ഒക്ടോബർ 15-ാം തീയതിക്കകം ഫൊറോനാകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. മാർക്ക് ലിസ്റ്റിൽ പള്ളിയുടെ സീലും വികാരിയച്ചന്റെ ഒപ്പും ഉണ്ടായിരിക്കണം. അല്ലാത്ത ഉത്തരക്കടലാസുകൾ സ്വീകരിക്കുന്നതല്ല. ഈ ഉത്തരക്കടലാസുകൾ വീണ്ടും അതിരൂപതാതലത്തിൽ റീവാല്യുവേഷൻ നടത്തുന്നതായിരിക്കും. ഒന്നും രണ്ടും സെമസ്റ്റർ പരീക്ഷകൾക്ക് 90 ശതമാനം മാർക്കു വാങ്ങുന്നവർക്കാണ് സ്കോളർഷിപ്പ് ഉണ്ടാകുക. (*വചനദീപം*, പേജ് 38-39, 41-42). 11-ാം ക്ലാസ്സിൽ സ്കോളർഷിപ്പ് ഉണ്ടായിരിക്കുന്നതല്ല. 11, 12 ക്ലാസ്സുകളിലെ മാർക്കുകൾ കണക്കാക്കി 12-ാം ക്ലാസ്സ് പൂർത്തിയാക്കുമ്പോഴാണ് സ്കോളർഷിപ്പ് കൊടുക്കുന്നത്. അതിരൂപതാതലത്തിൽ സ്കോളർഷിപ്പിന് അർഹരാകുന്ന കുട്ടികൾക്ക് 90 ശതമാനം ഹാജറും ഉണ്ടായിരിക്കേണ്ടതാണ്. മാർക്ക് ലിസ്റ്റിൽ ഹാജർ ശതമാനവും രേഖപ്പെടുത്തേണ്ടതാണ്.

3. മൂല്യനിർണ്ണയത്തിൽ ഉത്തരങ്ങളെപ്പറ്റിയുള്ള ആഴമായ അറിവും, കൃത്യതയും, വ്യക്തതയും, ശ്രദ്ധിക്കേണ്ടതാണ്. സ്കോളർഷിപ്പിന് അർഹമായ ഉത്തരക്കടലാസുകളിൽ മൂല്യനിർണ്ണയം നടത്തിയ അധ്യാപകന്റെയോ/അധ്യാപികയുടെയോ പേരും ഒപ്പും ഫോൺ നമ്പറും ഉണ്ടായിരിക്കണം. Answer Key നോക്കി ഉത്തരവാദിത്വത്തോടെ മൂല്യനിർണ്ണയം നടത്തുക. നീതിബോധവും, സത്യസന്ധതയും പാലിക്കണം. അതിരൂപതയിൽ മൂല്യനിർണ്ണയം നടത്തുമ്പോൾ 80 ശതമാനം മാർക്കില്ലാത്ത പേപ്പറുകൾ തിരിച്ചയക്കുന്നതാണ്. ഒക്ടോബർ 15-നു ശേഷം ലഭിക്കുന്ന ഉത്തരക്കടലാസു

കൾ പരിഗണിക്കുന്നതല്ല. സ്കോളർഷിപ്പിനുള്ള കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കുമ്പോൾ ചോദ്യപേപ്പറിനോടൊപ്പം ഓരോ ഇടവകയ്ക്കും നൽകുന്ന ഫോമിൽ തന്നെ ഒന്നാം സെമസ്റ്ററിലെ മാർക്ക് എഴുതുക. 4-ാം ക്ലാസ്സു മുതൽ തുടർച്ചയായിട്ടു വേണം ഫോമിൽ എഴുതി ചേർക്കേണ്ടത്.

**III. പുനഃപരീക്ഷ:**

1) ഒക്ടോബർ 8-ന് പരീക്ഷയെഴുതാൻ സാധിക്കാത്ത കുട്ടികൾക്കും ജയിക്കാത്തവർക്കും (4 മുതൽ 9-ാം ക്ലാസ്സ് വരെ) ഇടവകയിൽ തന്നെ പുനഃപരീക്ഷ പതിവുപോലെ നടത്താവുന്നതാണ്. അവർക്ക് സ്കോളർഷിപ്പ് ഉണ്ടായിരിക്കുന്നതല്ല.

2) 10, 11, 12 ക്ലാസ്സുകളിൽ സർട്ടിഫിക്കറ്റ് പരീക്ഷ ആയതിനാൽ ഈ ക്ലാസ്സുകളിൽ 2023 ഒക്ടോബർ 8-ന് നടക്കുന്ന ഒന്നാം സെമസ്റ്റർ പരീക്ഷ എഴുതുവാൻ സാധിക്കാത്ത കുട്ടികൾക്കും പരീക്ഷയ്ക്ക് മിനിമം മാർക്കു (14) ലഭിക്കാത്ത കുട്ടികൾക്കുമുള്ള പുനഃപരീക്ഷ 2024 ഫെബ്രുവരി 25-ന് ആയിരിക്കും. അതിരൂപതാതലത്തിൽ ആണ് പുനഃപരീക്ഷ നടത്തുക. പുനഃപരീക്ഷ നടക്കുന്ന സ്ഥലം പിന്നീട് അറിയിക്കുന്നതായിരിക്കും.

**IV.** 2023-2024 അദ്ധ്യായന വർഷത്തിലെ കാറ്റിക്കിസം ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സ് തീയ തികൾ: ഒന്നാം വർഷ ഡിപ്ലോമ 1st Session: 2023 സെപ്റ്റംബർ 30, ഒക്ടോബർ 01, 02 തീയതികളിൽ. 30-ാം തീയതി രാവിലെ 9.15 ന് ഇവിടെ എത്തിച്ചേരണം. ഒക്ടോബർ 2-ാം തീയതി വൈകുന്നേരം 4.00 മണിക്ക് ശേഷം തിരിച്ചു പോകാം.

**V.** രണ്ടാം വർഷ ഡിപ്ലോമ 1st Session: 2023 ഒക്ടോബർ 22, 23, 24 തീയതികളിൽ. 22-ാം തീയതി രാവിലെ 9.15-ന് എത്തിച്ചേരണം. 24-ാം തീയതി വൈകുന്നേരം 4.00 മണിക്കുശേഷം തിരിച്ചു പോകാം. കോഴ്സ് ആരംഭിക്കുന്ന ദിവസം അറിയിക്കുന്നതാണ്. സ്ഥലം: റിന്യൂവൽ സെന്റർ, ആസാദ് റോഡ്, കലൂർ, എറണാകുളം.

**VI.** Catechism Teachers' Orientation Programme (CTOP):- Std. V, October 02 Monday, 9.00 A. M. - 4.00 P. M. കലൂർ റിന്യൂവൽ സെന്ററിൽ.

**VII. എലൈവ് & എൻലൈറ്റ് പരിപാടികൾ: (2023 സെപ്റ്റംബർ)**

03 ഞായർ: എലൈവ് - സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, മുരിങ്ങൂർ
03 ഞായർ: എൻലൈറ്റ് - ക്രിസ്തുരാജ മൊണാസ്ട്രി പള്ളി, കറുകുറ്റി
09 ശനി: എൻലൈറ്റ് - സെന്റ് അഗസ്റ്റിൻസ് ചർച്ച്, പഴങ്ങനാട്
10 ഞായർ: എലൈവ് - സെന്റ് ആന്റണീസ് ചർച്ച്, നടുവട്ടം
10 ഞായർ: എൻലൈറ്റ് - സെന്റ് തോമസ് ചർച്ച്, മലയാറ്റൂർ
17 ഞായർ: എലൈവ് - സെന്റ് ആന്റണീസ് ചർച്ച്, കോടനാട്
17 ഞായർ: എൻലൈറ്റ് - സെന്റ് മേരീസ് ചർച്ച്, നെടുവന്നൂർ
24 ഞായർ: എൻലൈറ്റ് - ഇൻഫെന്റ് ജീസ്സസ് ചർച്ച്, വടയാർ

**VIII. സംയുക്ത മീറ്റിംങ്:** 2023 ആഗസ്റ്റ് 20-ാം തീയതി ഞായറാഴ്ച ഫൊറോന സെക്രട്ടറി സിസ്റ്റേഴ്സിന്റെയും പ്രൊമോട്ടേഴ്സിന്റെയും സംയുക്ത മീറ്റിംങ് സംഘടിപ്പിച്ചു. ആഗസ്റ്റ് 20-ാം തീയതി ഞായറാഴ്ച രാവിലെ 10.15-ന് രജിസ്ട്രേഷനോടെ മീറ്റിംങ് റിന്യുവൽ സെന്ററിൽ ആരംഭിച്ച് 4.00 മണിക്ക് സമാപിച്ചു. 70 പേർ മീറ്റിംങിൽ പങ്കെടുത്തു. കഴിഞ്ഞവർഷം (2022-23) ഫൊറോന സെക്രട്ടറി സ്ഥാനത്തുനിന്നും പ്രൊമോട്ടർ സ്ഥാനത്തുനിന്നും മാറിയ 12 പേർ ആഗസ്റ്റ് 20-ാം തീയതിയിലെ മീറ്റിംങിൽ വരുകയും അനുഭവങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു. അന്നേദിനം അവരെ ആദരിച്ചു സമ്മാനങ്ങൾ നൽകി നന്ദി പറഞ്ഞു.

**IX. Catechism Teachers' Orientation Programme:** വിശ്വാസ പരിശീലനരംഗത്ത് ശുശ്രൂഷ ചെയ്യുന്ന അതിരൂപതയിലെ വിശ്വാസപരിശീലകർക്കുവേണ്ടി നടത്തിയ CTOP. Std. VI: ആഗസ്റ്റ് മാസം 28-ാം തീയതി (തിങ്കൾ), 155 വിശ്വാസപരിശീലകർ ഈ കോഴ്സിൽ പങ്കെടുത്തു. Rev. Fr. Dr. Peter Kannampuzha, Rev. Fr. Peter Kannampuzha OFM Conv, Rev. Fr. Antony Naduvathussery എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**X.** Basic Orientation Course (BOC): വിശ്വാസപരിശീലനരംഗത്ത് പുതിയതായി ശുശ്രൂഷ ചെയ്യുന്ന അതിരൂപതയിലെ വിശ്വാസ പരിശീലകർക്കുവേണ്ടി ആഗസ്റ്റ് മാസം 30, 31 (ബുധൻ, വ്യാഴം) തീയതികളിലായി കലൂർ റിന്യുവൽ സെന്ററിൽ BOC സംഘടിപ്പിച്ചു. 180 വിശ്വാസപരിശീലകർ ഈ കോഴ്സിൽ പങ്കെടുത്തു.

Rev. Fr. Dr. Peter Kannampuzha, Rev. Fr. Dr. Joshy Puthussery. Mr. Martin Pathappilly, Mrs. Dr. Marin Jose, Mr. Tony Madathil, Mr. Nijo Joseph Puthussery, Rev. Fr. Sanu Puthussery എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**XI.** 2023 ജൂലൈ & ആഗസ്റ്റ് മാസത്തിൽ നടന്ന എലൈവ് & എൻലൈറ്റ് പരിപാടികൾ:

ജൂലൈ 30 ഞായർ എലൈവ് - ചേർത്തല ഫൊറോനയിലെ സെന്റ് തോമസ് കോക്കമംഗലം പള്ളിയിൽ. 17 ഇടവകകളിൽ നിന്നായി 196 കുട്ടികളും 16 വിശ്വാസപരിശീലകരും പങ്കെടുത്തു.

ജൂലൈ 30 ഞായർ എലൈവ് - പള്ളിപ്പുറം ഫൊറോനയിലെ സെന്റ് ജോസഫ് നോർത്ത് പാണാവള്ളി പള്ളിയിൽ. 11 ഇടവകകളിൽ നിന്നായി 115 കുട്ടികളും 10 വിശ്വാസപരിശീലകരും പങ്കെടുത്തു.

ആഗസ്റ്റ് 06 ഞായർ എലൈവ് - അങ്കമാലി ഫൊറോനയിലെ സെന്റ് അഗസ്റ്റിൻസ് പള്ളിയിൽ. 15 ഇടവകകളിൽ നിന്നായി 420 കുട്ടികളും 18 വിശ്വാസപരിശീലകരും പങ്കെടുത്തു.

ആഗസ്റ്റ് 12 ശനി എൻലൈറ്റ് - മഞ്ഞപ്ര ഫൊറോനയിലെ ഭാരത് റാണി വാതക്കാട് പള്ളിയിൽ. 18 ഇടവകകളിൽ നിന്നായി 325 കുട്ടികളും 18 വിശ്വാസപരിശീലകരും പങ്കെടുത്തു.

ആഗസ്റ്റ് 13 ഞായർ എലൈവ് - മുഴിക്കുളം ഫൊറോനയിലെ സെന്റ് സേവ്യേഴ്സ് നോർത്ത് കു ത്തിയതോട് പള്ളിയിൽ. 16 ഇടവകകളിൽ നിന്നായി 222 കുട്ടികളും 16 വിശ്വാസപരിശീലകരും പങ്കെടുത്തു.

ആഗസ്റ്റ് 27 ഞായർ എലൈവ് - പറവൂർ ഫൊറോനയിലെ സെന്റ് ലൂയിസ് തുരുത്തിപ്പുറം പള്ളി യിൽ. 23 ഇടവകകളിൽ നിന്നായി 303 കുട്ടികളും 12 വിശ്വാസപരിശീലകരും പങ്കെടുത്തു.

എലൈവ് & എൻലൈറ്റ് എന്നിവ നടത്തുവാൻ എല്ലാവിധ സൗകര്യങ്ങളും ഒരുക്കിതന്ന ബഹു. വികാരിയച്ചന്മാർക്കും വിശ്വസപരിശീലകർക്കും പള്ളികമ്മിറ്റി അംഗങ്ങൾക്കും, ഫൊറോന കൗൺസിലിനും പ്രത്യേകം നന്ദി.

**ഫാ. പീറ്റർ കണ്ണമ്പുഴ**
**ഡയറക്ടർ**

# ഫാമിലി അപ്പോസ്തലേറ്റ്

Renewal Centre, Azad Road, Kaloor. Tel: 0484-2533077, 9387074643
Jeevalaya Family Park, Chengal, Kalady 683574. Tel: 0484-2462607, 8281544111
Vaikom: 9495411200
Web.www.jeevalaya.org, Email : jeevalayafamilypark@gmail.com

## 2023 സെപ്റ്റംബർ - ഒക്ടോബർ

### വിവാഹഒരുക്ക ധ്യാനം (MPR)

| | |
|---|---|
| സെപ്റ്റംബർ 04-06 (കലൂർ) | ഒക്ടോബർ 03-05 (കാലടി) |
| സെപ്റ്റംബർ 12-14 (കാലടി) | ഒക്ടോബർ 09-11 (കലൂർ) |
| സെപ്റ്റംബർ 18-20 (കലൂർ) | ഒക്ടോബർ 17-19 (കാലടി) |
| സെപ്റ്റംബർ 26-28 (കാലടി) | ഒക്ടോബർ 23-25 (കലൂർ) |
| | ഒക്ടോബർ 24-26 (കാലടി) |

NB:ധ്യാനം ബുക്ക് ചെയ്യാൻ www.jeevalaya.org സന്ദർശിക്കുക.

### ദമ്പതി ധ്യാനം (Contact: 8078334522)

സെപ്റ്റംബർ 07-10

### യൂദിത്ത് ഷൈൻ വിധവാധ്യാനം- സിംഗിൾ പാരന്റിംഗ് (9400929111)

സെപ്റ്റംബർ 15-17

### ദമ്പതീ സെമിനാർ

| | |
|---|---|
| സെപ്റ്റംബർ 03 | വെള്ളാരപ്പിള്ളി (2.30pm - 5.00pm) |
| സെപ്റ്റംബർ 10 | പൂണിത്തുറ (3.00pm - 6.00pm) |
| സെപ്റ്റംബർ 17 | കൈപ്പട്ടൂർ (9.30am - 1.00pm) |

### സ്നേഹജ്വാല (ദാമ്പത്യ പരിശീലനം)

| | |
|---|---|
| സെപ്റ്റംബർ 01-03 | എടക്കുന്ന് |
| സെപ്റ്റംബർ 15-17 | കുന്നേൽ (ആലങ്ങാട്) |
| സെപ്റ്റംബർ 22-24 | കുറുമശ്ശേരി |
| സെപ്റ്റംബർ 29-31 | ഏലൂർ |

**വിധവാ സംഗമം**

സെപ്റ്റംബർ 27 തുരുത്തിപ്പുറം

**കുടുംബപോഷണ ഇടവക ധ്യാനം**

സെപ്റ്റംബർ 11 –13 പന്തയ്ക്കൽ

**വിവാഹോത്സവ്, 2023**

**1973, 1998** വർഷങ്ങളിൽ വിവാഹിതരായ അതിരൂപതയിലെ ജൂബിലേറിയൻ ദമ്പതികളെ ആദരിക്കുന്ന 'വിവാഹോത്സവ്' സെപ്റ്റംബർ - ഒക്ടോബർ മാസങ്ങളിൽ ഫൊറോനാ തലത്തിൽ ആയി നടത്തുന്നു. ഓരോ ഫൊറോനയുടെ സ്ഥലവും (bracket) തീയതിയും ശ്രദ്ധിക്കുമല്ലോ!!

**ഫൊറോനതല വിവാഹോത്സവ് തീയതികൾ:**

സെപ്റ്റം. 02 - കൊരട്ടി (അന്നനാട്)
സെപ്റ്റം. 02 - അങ്കമാലി (വേങ്ങൂർ)
സെപ്റ്റം. 09 - കറുകുറ്റി (എടക്കുന്ന്)
സെപ്റ്റം. 09 - മൂഴിക്കുളം (കോടുശ്ശേരി)
സെപ്റ്റം. 16 - മൂക്കന്നൂർ (മൂക്കന്നൂർ)
സെപ്റ്റം. 16 - മഞ്ഞപ്ര (മഞ്ഞപ്ര)
സെപ്റ്റം. 23 - കാഞ്ഞൂർ (കൈപ്പട്ടൂർ)
സെപ്റ്റം. 23 - വല്ലം (പെരുമ്പാവൂർ)
സെപ്റ്റം. 30 - കിഴക്കമ്പലം (കിഴക്കമ്പലം)
സെപ്റ്റം. 30 - ഇടപ്പള്ളി (ഇടപ്പള്ളി)
ഒക്ടോ. 07 - പറവൂർ (ആലങ്ങാട്)
ഒക്ടോ. 14 - വൈക്കം (തലയോലപ്പറമ്പ്)
ഒക്ടോ. 21 - പള്ളിപ്പുറം (തിരുനല്ലൂർ)
ഒക്ടോ. 21 - ചേർത്തല (മുട്ടം)
ഒക്ടോ. 24 - എറണാകുളം (പെരുമാനൂർ)
ഒക്ടോ. 24 - തൃപ്പൂണിത്തുറ (തൃപ്പൂണിത്തുറ)

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

**കുടുംബശ്രീ പരിശീലനത്തിന് സഹൃദയ**

കുടുംബശ്രീ സംസ്ഥാന മിഷന്റെ നേതൃത്വത്തിൽ വിവിധ തദ്ദേശ സ്ഥാപനങ്ങളിലെ ഹരിത കർമ്മ സേനയ്ക്ക് പരിശീലനം നൽകുന്നതിനുള്ള ഏജൻസിയായി സഹൃദയയെ തെരഞ്ഞെടുത്തു.

**വിദ്യാദർശൻ പദ്ധതി**

വൈക്കം, പള്ളിപ്പുറം, ചേർത്തല ഫൊറോനകളിലെ 7, 8 ക്ലാസ്സുകളിൽ പഠിക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നുള്ള തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് വ്യക്തിത്വ വികസനം, നേതൃശേഷി വളർത്തൽ, കരിയർ ഗൈഡൻസ് തുടങ്ങിയ മേഖലകളിൽ വിദഗ്ദ്ധ പരിശീലനം നൽകുന്ന വിദ്യാദർശൻ പദ്ധതിയുടെ ആഭിമുഖ്യത്തിൽ ആദ്യത്തെ സെമിനാർ ചേർത്തല മേഖല ഓഫിസിൽ സംഘടിപ്പിച്ചു.

**ജലശ്രീ ക്ലബ്-അധ്യാപക പരിശീലനം**

ജല ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി തൃശൂർ ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ സഹൃദയ നടപ്പാക്കുന്ന ജലശ്രീ ക്ലബുകളുടെ ചുമതലയുള്ള അധ്യാപകർക്കുള്ള പരിശീലനവും വിദ്യാർത്ഥികൾക്കുള്ള ചിത്രരചനാ മത്സരവും സിവിൽ സ്റ്റേഷനിൽ സംഘടിപ്പിച്ചു.

**സൗജന്യ മെഡിക്കൽ ക്യാമ്പും മരുന്നുവിതരണവും**

സഹൃദയ, നോർത്ത് കുത്തിയതോട് സെന്റ് സേവ്യേഴ്സ് ചർച്ച് സഹൃദയ ഫെഡറേഷൻ, കെ. സി. വൈ. എം. യൂണിറ്റ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ഇടപ്പള്ളി എം.എ.ജെ. ആശുപത്രിയുടെ സഹകരണത്തോടെ സൗജന്യ മെഡിക്കൽ ക്യാമ്പും മരുന്നുവിതരണവും സംഘടിപ്പിച്ചു. 217 പേർക്ക് ക്യാമ്പിൽ സേവനം നൽകി.

സഹൃദയ, പുത്തൻപള്ളി സെന്റ് ജോർജ് പള്ളി സഹൃദയ ഫെഡറേഷൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ അശോകപുരം കാർമൽ ആശുപത്രിയുടെ സഹകരണത്തോടെ സൗജന്യ മെഗാ മെഡി

ക്കൽ ക്യാമ്പും മരുന്നു വിതരണവും സംഘടിപ്പിച്ചു. പി.എഫ്.ടി, വൈറ്റൽ ചെക്കപ്പ് എന്നിവയും, ക്യാമ്പിനു മുന്നോടിയായി ഒരാഴ്ച മുൻപ് രക്ത പരിശോധനയ്ക്കുള്ള സൗകര്യവും ചെയ്തിരുന്നു. ക്യാമ്പിൽ 130 പേർ ചികിത്സ തേടി.

**അതിഥി തൊഴിലാളി കുടുംബങ്ങൾക്ക് മെഡിക്കൽ ഇൻഷുറൻസ്**

കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ അതിഥി തൊഴിലാളികളുടെ ക്ഷേമത്തിനായി സഹൃദയ നടപ്പാക്കിവരുന്ന പദ്ധതിയുടെ ഭാഗമായി കടവന്ത്ര, കലൂർ, കാഞ്ഞൂർ,വാത്തുരുത്തി എന്നീ സ്ഥലങ്ങളിലെ അതിഥി തൊഴിലാളി കുടുംബങ്ങൾക്ക് മെഡിക്കൽ കിറ്റുകളുടെ വിതരണവും, സൗജന്യ മെഡിക്കൽ ക്യാമ്പും ഇൻഷുറൻസ് കാർഡ് വിതരണവും നടത്തി.

**സംഘം ഗ്രേഡിംഗ്**

സൗത്ത് വാഴക്കുളം ഇടവകയിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങൾക്ക് ഗ്രേഡിങ്ങും ശാക്തീകരണ ക്ലാസ്സും നടത്തി സ്വയംതൊഴിൽ പദ്ധതികളുടെ വിപുലീകരണത്തിനായി 12,30000/ രൂപ വായ്പ വിതരണം ചെയ്തു.

ഞാറല്ലൂർ ഇടവകയിൽ പ്രവർത്തിക്കുന്ന ഒരു സംഘത്തിന് ഗ്രേഡിങ്ങും ക്രെഡിറ്റ് ക്യാമ്പും നടത്തി പ്രോഡക്റ്റ് ലോൺ ആയ തയ്യൽ മെഷീൻ നൽകി. വിവിധ സ്വയംതൊഴിൽ പദ്ധതികളുടെ വിപുലീകരണത്തിനായി 2,70,000 രൂപ വായ്പയും അനുവദിച്ചു.

പഴങ്ങനാട് ഇടവകയിൽ പ്രവർത്തിക്കുന്ന ഒരു സംഘത്തിന് ഗ്രേഡിങ് നടത്തി. സ്വയംതൊഴിൽ പദ്ധതികളുടെ വിപുലീകരണത്തിനായി 5,25000/ രൂപ ലോൺ അനുവദിച്ചു

ചുണങ്ങംവേലി ഇടവകയിൽ പ്രവർത്തിക്കുന്ന ഒരു സംഘത്തിന് ഗ്രേഡിങ് നടത്തി.വിവിധ സ്വയംതൊഴിൽ പദ്ധതികളുടെ വിപുലീകരണത്തിനായി 320000/ രൂപ ലോൺ അനുവദിച്ചു.

തെങ്ങോട് ഇടവകയിൽ പ്രവർത്തിക്കുന്ന ഒരു സംഘത്തിന് ഗ്രേഡിങ് നടത്തി.വിവിധ സ്വയംതൊഴിൽ പദ്ധതികളുടെ വിപുലീകരണത്തിനായി 200000/ രൂപ ലോൺ അനുവദിച്ചു.

ജോസ്പുരം ഇടവകയിൽ പ്രവർത്തിക്കുന്ന നാല് സ്വയം സഹായ സംഘങ്ങളുടെ ഗ്രേഡിങ് നടത്തി സ്വയംതൊഴിൽ പദ്ധതികളുടെ വിപുലീകരണത്തിനായി 11,10000/ രൂപ നൽകി.

**സംഘം വാർഷികം**

തുതിയൂർ, ഉദയംപേരൂർ , കോടനാട് , ജീയോപുരം, കിഴക്കമ്പലം, മൂക്കന്നൂർ, കോളങ്ങായി, സൗത്ത് വാഴക്കുളം, ഞാറല്ലൂർ, അമ്പുനാട്, തൃപ്പൂണിത്തുറ, പനങ്ങാട്, പഴങ്ങനാട്, ചുണങ്ങുംവേലി, തെങ്ങോട്, ചിറ്റനാട്, തൃപ്പൂണിത്തുറ തോപ്പിൽ എന്നീ ഇടവകകളിലെ സ്വയം സഹായ സംഘങ്ങളുടെ സംയുക്ത വാർഷികം നടത്തി.

**ജെ. എൽ. ജി. രൂപീകരണം**

കോക്കുന്ന്, നോർത്ത് ചമ്പന്നൂർ ഇടവകകളിലായി 21 അംഗങ്ങൾക്കായി ജെഎൽജി ഗ്രൂപ്പ് രൂപീകരിച്ചു.വിവിധ സ്വയംതൊഴിൽ പദ്ധതികളുടെ വിപുലീകരണത്തിനായി 980000/ രൂപ വിതരണം നടത്തി. സഹൃദയ പുതിയതായി രൂപീകരിച്ചു വരുന്ന ജെ.എൽ.ജി. കൾക്ക് (ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് ) 2023 ജൂൺ മുതൽ ജൂലൈ അവസാനം വരെ സ്വയംതൊഴിൽ വിപുലീകരണത്തിനായി 75,50,000/ രൂപ ലോൺ നൽകി. അങ്കമാലി, ചേർത്തല, എറണാകുളം, കാലടി, പറവൂർ എന്നീ മേഖലകളിലായി 10 ഫൊറോനകളിലാണ് ജെ.എൽ.ജി കൾ പ്രവർത്തിച്ചുവരുന്നത്. 35 സംഘങ്ങളിലെ 173 അംഗങ്ങൾക്കാണ് ഈ തുക നൽകിയത്.

**സ്വയം തൊഴിൽ വായ്പ**

സഹൃദയ വെസ്കോ ക്രെഡിറ്റിന്റെ കീഴിൽ ആറ് മേഖലകളിലെ വിവിധ വില്ലേജുകളിൽ പ്രവർത്തിച്ചുവരുന്ന 52 സംഘങ്ങളിലെ 366 അംഗങ്ങൾക്ക് സ്വയംതൊഴിൽ വിപുലീകരണത്തിനായി 2023 ഓഗസ്റ്റ് മാസത്തിൽ 1,99,70,000/ രൂപ വായ്പയായി വിതരണം ചെയ്തു.

**പ്രഥമ ശുശ്രൂഷാ പരിശീലനം**

സഹൃദയ, ആസ്റ്റർ മെഡ്സിറ്റി ബി ഫസ്റ്റ് എമർജൻസി ഡിപ്പാർട്ട്മെന്റിന്റെ സഹകരണത്തോടെ പ്രഥമ ശുശ്രുഷാ പരിശീലനം ഈസ്റ്റ് ചേരാനല്ലൂരിൽ സംഘടിപ്പിച്ചു. 40 പേർ പരിശീലനത്തിൽ പങ്കെടുത്തു.

**ഫൊറോനതല ഓണാഘോഷം**

സഹൃദയ സംഘങ്ങളുടെ വിപണന മേള, ഓണ മത്സരങ്ങൾ, സംഘാംഗങ്ങളുടെ കുടുംബങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾക്കുള്ള അവാർഡ് വിതരണം, ഓണസദ്യ എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഫൊറോനതല ഓണാഘോഷം വല്ലം ഫൊറോന (താണിപ്പുഴ പള്ളി), കറുകുറ്റി ഫൊറോന (ക്രിസ്തുരാജ പാരിഷ് ഹാൾ), കാഞ്ഞൂർ ഫൊറോന (കാലടി പള്ളി), മഞ്ഞപ്ര ഫൊറോന (നടുവട്ടം പള്ളി), എറണാകുളം ഫൊറോനാ (നെട്ടൂർ), വൈക്കം ഫൊറോന (വെൽ ഫെയർ സെന്റർ), ചേർത്തല ഫോറോന (മരുത്തോർവട്ടം), മൂക്കന്നൂർ ഫൊറോന പള്ളി, കൊരട്ടി ഫൊറോന പള്ളി, അങ്കമാലി ഫൊറോന (നായത്തോട്), ഞാറക്കൽ മേഖല (സാൻജോപുരം), കിഴക്കമ്പലം ഫൊറോന (അശോകപുരം), മൂഴിക്കുളം ഫൊറോന (കുറുമശ്ശേരി), തൃപ്പൂണിത്തുറ ഫൊറോന പള്ളി, പറവൂർ (കരുമാലൂർ), ഇടപ്പള്ളി ഫൊറോനാ പള്ളി, പള്ളിപ്പുറം (തിരുനല്ലൂർ) എന്നിവിടങ്ങളിൽ സംഘടിപ്പിച്ചു.

**കാർഷിക വിളവെടുപ്പ്**

കൊറ്റമം വില്ലേജിലെ സംഘാംഗങ്ങൾ ചേർന്ന് ഓണത്തോടനുബന്ധിച്ച് ചെയ്ത പുഷ്പ കൃഷിയുടെ വിളവെടുപ്പ് നടത്തി.

കാലടി വില്ലേജിലെ സാന്ത്വനം പുരുഷ സ്വയം സഹായ സംഘം നടത്തിയ വാഴ കൃഷി വിളവെടുത്ത് കായ വറുത്തതും ശർക്കര വരട്ടിയും ഉണ്ടാക്കി ഓണ വിപണന മേള നടത്തി.

**ട്രാൻസ് ജെൻഡർ വ്യക്തികളുടെ ഓണാഘോഷം**

എറണാകുളം ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ സഹൃദയ ട്രാൻസ് ജെൻഡർ വ്യക്തികളുടെ ക്ഷേമത്തിനായി നടപ്പാക്കിവരുന്ന മാരിവിൽ പദ്ധതിയുടെ ഭാഗമായി ഓണാഘോഷം സംഘടിപ്പിച്ചു.

**സഹൃദയ ഫെസ്റ്റ്**

വൈറ്റില സെന്റ് പാട്രിക് ലാറ്റിൻ പള്ളി, കിഴക്കമ്പലം പള്ളി, ആയത്തുപടി പള്ളി എന്നിവിടങ്ങളിൽ സഹൃദയ ഫെസ്റ്റ് സംഘടിപ്പിച്ചു.

**ഫാ. ജോസ് കൊളുത്തുവെള്ളിൽ**
**ഡയറക്ടർ**

# Archdiocesan Corporate Educational Agency

Renewal Centre, Azad Road, Kaloor, Kochi 682 017
www.ernakulameducationcouncil.com. Mob: 7907106119
E-mail: ernakulameducation@gmail.com

## അദ്ധ്യാപക ഒഴിവുകൾ

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ ഉണ്ടാകാനിടയുള്ള താഴെപ്പറയുന്ന തസ്തികകളിലേക്ക് നിശ്ചിത യോഗ്യതയുള്ളവരിൽനിന്നും അപേക്ഷ ക്ഷണിക്കുന്നു.

1. **തയ്യൽ തസ്തിക** (കെടെറ്റ് 4 നിർബന്ധം)
2. **മലയാള ഭാഷ അദ്ധ്യാപകർ** (കെടെറ്റ് 2 അല്ലെങ്കിൽ 3 നിർബന്ധം)

അപേക്ഷ ഫോമുകൾ കോർപ്പറേറ്റ് ആഫീസിൽ നിന്നും സെപ്റ്റംബർ 4-ാം തിയതി മുതൽ ലഭിക്കുന്നതാണ്.പൂരിപ്പിച്ച അപേക്ഷ ഫോമുകൾ സെപ്റ്റംബർ 15-ാം തിയതി 4.00 മണിക്ക് മുൻപായി സമർപ്പിക്കേണ്ട താണ്.

### ലൈബ്രറി പുസ്തകങ്ങളുടെ വിതരണം

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിലെ ലൈബ്രറി വികസനത്തിനായി 200000 രൂപ വിലമതിക്കുന്ന പുസ്തകങ്ങൾ വിവിധ സ്കൂളുകളിലായി വിതരണം ചെയ്തു.

### ഏകം-ലീഡേഴ്സ് മീറ്റ്

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിലെ 8, 9, 10 ക്ലാസ്സുകളിലെ കുട്ടികൾക്കായി ഏകം-ലീഡേഴ്സ് മീറ്റ് 12-ാം തിയതി കലൂർ റിന്യൂവൽ സെന്ററിൽ വച്ചു നടന്നു. കോർപ്പറേറ്റ്

മാനേജർ ഫാ. തോമസ് നങ്ങേലിമാലിൽ ഉദ്ഘാടനം ചെയ്തു. കഴിഞ്ഞ ഒരു വർഷക്കാലത്തെ ലീഡേഴ്സ് ഗ്രൂപ്പിലെ കുട്ടികളുടെ പ്രവർത്തന മികവ് കണക്കാക്കി ക്യാഷ് അവാർഡുകൾ നൽകി. ശ്രീ ജിത്തു ജോർജ് ക്ലാസ്സുകൾ നയിച്ചു. റവ. ഡോ. ബെന്നി പാലാട്ടി സമാപന സന്ദേശം നൽകി.

## സ്പോർട്സ് & ആർട്സ് മീറ്റ് ആലോചന യോഗം

2023-2024 വർഷത്തെ സ്പോർട്സ്, ആർട്സ് മീറ്റുകളെക്കുറിച്ച് ആലോചിക്കുന്നതിനായി ഒരു യോഗം കോർപ്പറേറ്റ് മാനേജർ തോമസ് നങ്ങേലിമാലിയച്ചന്റെ നേതൃത്വത്തിൽ കലൂർ റിന്യൂവൽ സെന്ററിൽ വച്ചു നടന്നു.

**ഫാ. തോമസ് നങ്ങേലിമാലിൽ**
**കോർപ്പറേറ്റ് മാനേജർ**

# അതിരൂപതാ കെ.സി.എസ്.എൽ.

കെ.സി.എസ്.എൽ. ലീഡേഴ്സ് മീറ്റ് - 2023 ആഗസ്റ്റ് 12-ാം തിയതി ശനിയാഴ്ച കലൂർ റിന്യൂവൽ സെന്ററിൽ വച്ച് അതിരൂപത ഡയറക്ടർ ഫാ. തോമസ് നങ്ങേലിമാലിൽ ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡന്റ് ശ്രീ സോയി കളമ്പാട്ട്, ഓർഗൈനസർ ശ്രീമതി അജി, വിദ്യാർത്ഥി പ്രതിനിധി കുമാരി നേഹ എലിസബത്ത് മനോജ് എന്നിവർ സംസാരിച്ചു. ശ്രീ. ജിത്തു ജോർജ്ജ് ക്ലാസ്സുകൾ നയിച്ചു. തുടർന്ന് കെ.സി.എസ്.എൽ. -ന്റെ 2023-2024 വർഷത്തെ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. റവ. ഡോ. ബെന്നി പാലാട്ടി സമാപന സന്ദേശം നൽകി.

**ഫാ. തോമസ് നങ്ങേലിമാലിൽ**
**ഡയറക്ടർ**

# നൈപുണ്യ ഇന്റർനാഷണൽ

## 1) നൈപുണ്യ ഇന്റർനാഷണൽ, കോർപ്പറേറ്റ് ഓഫീസ്

**Contact: 9446339966, 0484-2381947, 9947489966**

- **Overseas Education - Work/Study Abroad**

  Attn: + 2 students & graduates - golden opportunity awaits you!

- Study, work & settle in your dream destinations- Canada, UK, Germany, Australia & New Zealand
- January 2024 & September 2024 intake is open.
- UK Nursing Free Recruitment
- Ireland Nursing, Apply Immediately.
- Start your IELTS preparation immediately.
- IELTS offline & online classes (New batches on all Mondays)

- **NICE (Naipunnya International Communicative English)**

- ഇംഗ്ലീഷ് ഭാഷ അനായാസം തെറ്റില്ലാതെ കൈകാര്യം ചെയ്യാൻ ഏവരെയും ഒരുക്കുന്ന കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ബാച്ച് പഠനം തുടരുന്നു. 30 ദിവസങ്ങളിലെ സിലബസ് തയ്യാറാക്കി പഠിപ്പിക്കുന്നു. പഠിതാക്കൾക്ക് ടെക്സ്റ്റ് നൽകുന്നു. ഓൺലൈൻ & ഓഫ് ലൈൻ ബാച്ചിലേക്ക് താല്പര്യമുള്ള വിദ്യാർത്ഥികൾ, ഉദ്യോഗസ്ഥർ, രക്ഷിതാക്കൾ എന്നിവരെ സ്വാഗതം ചെയ്യുന്നു.

## 2) നൈപുണ്യ അക്കാദമി, റിന്യൂവൽ സെന്റർ, കലൂർ

**Contact: 9544919144 , 9072919144**

- **പ്രോഗ്രാമുകൾ - സെപ്റ്റംബർ**

1. ഇറ്റാലിയൻ കോഴ്സ് (B1, B2) ബാച്ചുകൾ 4-ന് ആരംഭിക്കുന്നു.
2. സ്പാനിഷ് കോഴ്സ് (A1 & A2) ബാച്ചുകൾ 4-ന് ആരംഭിക്കുന്നു.
3. ജർമൻ കോഴ്സ് (A1, A2, B1 & B2.1) ബാച്ചുകൾ 4-ന് ആരംഭിക്കുന്നു.
4. സിവിൽ സർവീസ് റെഗുലർ, സൺഡേ, ഫൗണ്ടേഷൻ & NICSA ബാച്ചിലേക്കുള്ള അഡ്മിഷൻ തുടരുന്നു (2023 -2024).

5. സിവിൽ സർവീസ് ഔട്ട്റീച്ച് പ്രോഗ്രാമുകൾ തുടരുന്നു.
6. KAS (Kerala Administrative Service) Exam Notification നവംബർ മാസത്തിൽ PSC പുറപ്പെടുവിക്കും എന്ന അറിയിപ്പ് വന്നതിനാൽ KAS കോച്ചിംഗ് ക്ലാസ്സ് ഉടൻ ആരംഭിക്കുന്നു.

## 3) നൈപുണ്യ അക്കാദമി, തൃക്കാക്കര

**Contact: 9544919133, 9947349966**

- **Programs - SEPTEMBER**
- UGC NET/JFR PAPER I & PAPER II (batch for December exam)
- BANK (IBPS, PO, CLERK, SO) (new admission all Mondays)
- SSC (CGL, CHSL, MTS) (new admission all Mondays)
- C Mat, K-Mat (admission for next Exam)
- PSC - LDC 2024 (new admission all Mondays)
- IELTS - Regular class (all Mondays new batch)
- PTE (Pearson Test of English) (all Mondays new batch)

## 4) നൈപുണ്യ ഇന്റർനാഷണൽ, L.F. കാമ്പസ്, അങ്കമാലി

**Contact: 9544919155, 9633338433**

IELTS, OET തുടങ്ങി വിദേശ വിദ്യാഭ്യാസത്തിനും നഴ്സിംഗ് ജോലികൾക്കും ആവശ്യമായ ഇംഗ്ലീഷ് ടെസ്റ്റ് പരിശീലന പരിപാടി നടത്തി വരുന്നു. വിദേശ രാജ്യങ്ങളിൽ ഉന്നത വിദ്യാഭ്യാസം സാധ്യമാക്കുവാൻ എല്ലാവിധ സഹായ ങ്ങളും ലഭ്യമാക്കുന്ന Overseas Education Consultancy ആയും പ്രവർത്തിച്ചു വരുന്നു. കൂടാതെ, കോളേജുകൾ കേന്ദ്രീകരിച്ചുള്ള വിദേശ വിദ്യാഭ്യാസ പരിശീലന പരിപാടികളും നടത്തി വരുന്നു.

## 5) നൈപുണ്യ ഇന്റർനാഷണൽ, പാലാ

**Contact: 0482-2201546, 9947855132**

- For Overseas Education & Counselling

**ഫാ. സജി കണ്ണാപറമ്പൻ**
**ഡയറക്ടർ**

# അതിരൂപതാ ഡയറി

## ആർച്ചുബിഷപ്പ് ആൻഡ്രൂസ് താഴത്ത്

**ജൂലൈ 2023**

31 തണ്ണീർമുക്കം തിരുരക്തദേവാലയത്തിൽ ബഹുമാനപ്പെട്ട ജോസ് കാരാച്ചിറ അച്ചന്റെ മൃതദേഹസംസ്കാര കർമ്മങ്ങളുടെ അവസാന ഭാഗത്ത് പങ്കെടുത്തു.

**ആഗസ്റ്റ് 2023**

1 – 4 പാലാരിവട്ടം പി.ഒ.സി. യിൽ നടന്ന കെ.സി.ബി.സി. യുടെ വർഷികധ്യാനത്തിൽ സംബന്ധിച്ചു.


06 ഡൽഹിയിൽ സി.ബി.സി.ഐ. സെക്രട്ടറിമാരുടെ യോഗത്തിൽ സംബന്ധിച്ചു.

11 – 12 ബാംഗ്ലൂർ സെന്റ് ജോൺസ് ഹോസ്പിറ്റലിന്റെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

21 – 26 മൗണ്ട് സെന്റ് തോമസിൽ നടന്ന സീറോമലബാർ മെത്രാൻ സിനഡിൽ സംബന്ധിച്ചു.

* * * *


SAINT
TERESA
OF CALCUTTA
SEPTEMBER - 05


SAINT
VINCENT
DE PAUL
LET ALL THINGS
BE DONE WITH
CHARITY.
SEPTEMBER - 27

RNI No. 3421/57
Date of Publication: 01-09-2023

Registered: KL/EKM/748/2022-24
Annual Subscription ₹ 150
Per Copy ₹ 15

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# ERNAKULAM MISSAM




Printed and Published by Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524, Lisie Hospital Road, Ernakulam District, Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

Editor: Fr. Biju Varghese.

www.ernakulamarchdiocese.org